PALAKKAD
Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

വിജ്ഞാപനം –പൊതുതിരഞ്ഞെടുപ്പ്.............03
സർക്കുലർ – കെ.സി.ബി.സി.......................04
ഭാരതീയ മെത്രാന്മാരുടെ അജപാലന ലേഖനം 08
വിജ്ഞാപനം– അപ്പസ്തോലിക് വിസിറ്റർ.......10
വിജ്ഞാപനം – മെൽബൺ രൂപത.................13
മെയ്ദിന സന്ദേശം..........................................14
CBCI XXXI PLENARY ASSEMBLY.................21
Bishop's Engagement..................................25
From the Bishop's Office.............................26
നിത്യാരാധനാ കപ്പേള....................................28
വിശ്വാസപരിശീലനവേദി.................................29
സ്റ്റാർസ്........................................................37
ബൈബിൾ അപ്പോസ്റ്റലേറ്റ്.............................37
അൾത്താരസംഘം.........................................38
സി.എം.എൽ................................................38
ജീസസ് യൂത്ത്.............................................39
കെ.സി.വൈ.എം..........................................40
മാതൃസംഘം.................................................42
ഫാമിലി അപ്പോസ്റ്റലേറ്റ്..................................42
സെമിനാരി വാർത്തകൾ................................43
മദ്ധ്യവിരുദ്ധ സമിതി......................................45
ജീസസ് ഫ്രറ്റേണിറ്റി.......................................46
സെഹിയോൻ ധ്യാനകേന്ദ്രം...........................48
പി. എസ്. എസ്. പി.......................................49
From the Bishop's Diary...............................54

Prot. No. 160/2014

# വിജ്ഞാപനം - 121

# പാർലമെന്റ് പൊതുതിരഞ്ഞെടുപ്പ്

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

പാർലമെന്റിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് അടുത്തുവരികയാണല്ലോ. അത് സംബന്ധിച്ച് ഭാരതമെത്രാൻ സമിതിയും കേരള മെത്രാൻ സമിതിയും ഇറക്കിയ സർക്കുലറുകൾ അന്യത്ര ചേർത്തിട്ടുണ്ട്. ഏപ്രിൽ 6-ാം തിയ്യതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കണമെന്നുകൂടി നിർദ്ദേശിക്കുന്നു. തിരഞ്ഞെടുപ്പ് ശാന്തവും സമാധാനപരവുമായി നടക്കുവാനും, ജനാധിപത്യ മൂല്യങ്ങളും ധാർമ്മിക നിയമങ്ങളും പാലിച്ചും ജനക്ഷേമവും സുരക്ഷയും ലക്ഷ്യം വെച്ചും ഏറ്റം വലിയ ജനാധിപത്യ രാഷ്ട്രമായ നമ്മുടെ ഭാരതത്തെ നയിക്കുവാൻ യോഗ്യരും പ്രാപ്തരുമായവർ തിരഞ്ഞെടുക്കപ്പെടുന്നതിന്ന് അന്നേദിവസം നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും പ്രത്യേകം പ്രാർത്ഥന നടത്തുകയും ഇതേ നിയോഗാർത്ഥം സാധിക്കുന്ന സ്ഥലങ്ങളിൽ തിരുമണിക്കൂർ ആരാധന നടത്തുകയും ചെയ്യേണ്ടതാണ്.

സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കെല്ലാവർക്കും മുൻകൂട്ടിതന്നെ ഞാൻ നേരുന്നു. ഉത്ഥിതനായ കർത്താവ് തന്റെ സമാധാനവും സന്തോഷവും നിങ്ങൾക്കേവർക്കും സമൃദ്ധമായി നൽകട്ടെ.

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ വിജ്ഞാപനം **2014 ഏപ്രിൽ 6-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.





## 2014-ലെ പൊതു തിരഞ്ഞെടുപ്പിനൊരുക്കമായി

## കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി)

## പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരീസഹോദരന്മാരേ,

1. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതം ഒരിക്കൽ കൂടി പൊതുതിരഞ്ഞെടുപ്പിന് തയ്യാറാവുകയാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും മൂല്യങ്ങളും ഉറപ്പ് വരുത്താനുള്ള അവസരമാണ് തിരഞ്ഞെടുപ്പ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയും നന്മയും പാർലിമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു. രാജ്യത്തിന്റെ പരമാധികാരവും ജനാധിപത്യവും ഭരണഘടനയും സമഭാവനയിലൂന്നിയ മതേതരത്വവും ആത്മീയതയിൽ അടിയുറച്ച സംസ്കാരവും സംരക്ഷിക്കാൻ കെല്പുള്ള ശക്തമായ ഭരണമാണ് കേന്ദ്രത്തിൽ വേണ്ടത്. ഇതിനെല്ലാം ആധാരമായ ശക്തി നമ്മുടെ തന്നെ കരങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന പൂർണ ബോധ്യത്തോടുകൂടി തിരഞ്ഞെടുപ്പിന് നാം തയ്യാറാകണം.

2. ഭാരത കത്തോലിക്കാമെത്രാൻസമിതി തങ്ങളുടെ അജപാലനലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നതുപോലെ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി കത്തോലിക്കാസഭ താദാത്മ്യപ്പെടുന്നില്ലെന്ന കാര്യം ഞങ്ങളും വ്യക്തമാക്കുന്നു. വോട്ടവകാശം വിവേകത്തോടും ശ്രദ്ധയോടും കൂടി വിനിയോഗിക്കാൻ ഓരോ പൗരനോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ചരിത്രത്തെയും സംസ്കാരത്തെയും നമ്മുടെ രാജ്യത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ച കാര്യമാണത്. വോട്ടു ചെയ്യുക എന്നത് പൗരത്വപരമായ ദൗത്യമാണ്. വോട്ടർ പട്ടികയിൽ പേരുണ്ടെന്ന് ഓരോ പൗരനും ഉറപ്പുവരുത്തണം. വോട്ടവകാശം പാഴാക്കാതെ അതീവശ്രദ്ധയോടെ വിനിയോഗിക്കണം. വോട്ടു ചെയ്യുന്നതുവഴി രാഷ്ട്രനിർമ്മിതിയിലുള്ള നമ്മുടെ

പങ്കാളിത്തമാണ് നാം പ്രഖ്യാപിക്കുന്നത്. ജനങ്ങളുടെ ഈ കടമയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കാൻ എല്ലാ ഇടവക വൈദികരോടും ഞങ്ങൾ ആവശ്യപ്പെടുന്നു.

3. ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കൊത്ത് രാഷ്ട്രഗതിയെ നയിക്കാനും മാർഗഭ്രംശമുണ്ടായാൽ അതിനെ തിരുത്താനുമുള്ള ശക്തി ജനങ്ങളിൽത്തന്നെയാണ് നിക്ഷിപ്തമായിരിക്കുന്നത്. നമ്മുടെ രാജ്യത്തെ ശക്തവും ശ്രേഷ്ഠവും സമ്പന്നവും നീതിനിഷ്ഠവുമാക്കാൻ ആവശ്യമായ കരുത്തും അർപ്പണബോധവും സ്വഭാവവൈശിഷ്ട്യവുമുള്ള സ്ഥാനാർത്ഥികളെ നാം തിരഞ്ഞെടുക്കണം. തീവ്രവാദം, ഭീകരപ്രവർത്തനങ്ങൾ, വർഗീയത തുടങ്ങിയവയെ ഫലപ്രദമായി നേരിടാനും ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കാനും മതേതര മൂല്യങ്ങൾ സംരക്ഷിക്കാനും എല്ലാവർക്കും നീതി ഉറപ്പാക്കാനും രാജ്യത്തെ സമഗ്രപുരോഗതിയിലേക്ക് നയിക്കാനും കഴിവുള്ള പാർട്ടികളെയും വ്യക്തികളെയും വിജയിപ്പിക്കണം. അഴിമതിയുടെ കറപുരളാത്തവരും മാനുഷിക-ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസമുള്ളവരും ആയിരിക്കണം തിരഞ്ഞെടുക്കപ്പെടുന്നവർ. നിരീശ്വരവാദവും അക്രമരാഷ്ട്രീയവും മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കുന്നവരാകരുത് അവർ; ദേശീയ താത്പര്യങ്ങളും ജനങ്ങളുടെ ക്ഷേമവും അവഗണിച്ച് വ്യക്തിതാത്പര്യങ്ങൾക്കും പാർട്ടിതാത്പര്യങ്ങൾക്കും വേണ്ടി മാത്രം പ്രവർത്തിക്കുന്നവരുമായിരിക്കരുത്. എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവ്വം സംരക്ഷിക്കാൻ തിരഞ്ഞെടുക്കപ്പെടുന്നവർ കടപ്പെട്ടിരിക്കുന്നു. നാം ജാഗ്രത പുലർത്തിയാലേ ഇത് സാധിക്കൂ. നിതാന്ത ജാഗ്രതയാണ് സ്വാതന്ത്ര്യത്തിനു കൊടുക്കേണ്ട വലിയ വില.

4. എല്ലാ മതങ്ങളെയും തുല്യമായി കാണുകയും ഭാഷ, മതന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും മതേതരത്വം സംരക്ഷിക്കുകയും ചെയ്യുന്നവരാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. അടിസ്ഥാന മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക, പാർശ്വവത്കരിക്കപ്പെട്ടവർ, ദരിദ്രർ, സ്ത്രീകൾ മുതലായവരുടെ ക്ഷേമം ഉറപ്പുവരുത്തുക, ദളിത് ക്രൈസ്തവർക്ക് അതേ സാമൂഹിക വ്യവസ്ഥിതിയിൽ പെട്ടവർക്കൊപ്പം തുല്യ സംവരണം ഏർപ്പെടുത്തുക, ദുർബല വിഭാഗത്തിൽപ്പെടുന്ന എല്ലാ ജനങ്ങളെയും മുഖ്യധാരയിൽ എത്തിക്കുവാൻ ശ്രമിക്കുക തുടങ്ങിയ കാര്യങ്ങളിൽ താത്പര്യമുള്ളവരായിരിക്കണം നമ്മുടെ ജനപ്രതിനിധികൾ. ഭാരതീയസംസ്കാരം ഉയർത്തിപ്പിടിക്കുന്ന ധാർമ്മിക, മാനുഷികമൂല്യങ്ങൾക്കു ക്ഷയം സംഭവി





ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈശ്വരവിശ്വാസം, സത്യം, നീതി, സാഹോദര്യം, സമഭാവന, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവരുമായിരിക്കണം നമ്മുടെ ഭരണകർത്താക്കൾ. വിവാഹത്തിന്റെയും കുടുംബത്തിന്റെയും ജീവന്റെയും ഭദ്രതയും മൂല്യങ്ങളും സംരക്ഷിക്കുന്നതോടൊപ്പം ഗർഭഛിദ്രം, ദയാവധം തുടങ്ങിയ തിന്മകളെ ചെറുക്കുന്നവരുമായിരിക്കണം അവർ.

5. കേരളത്തിലെ തീരദേശജനതയുടെയും മലയോരങ്ങളിൽ ജീവിക്കുന്നവരുടെയും ആശങ്ക ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നവരെ തിരഞ്ഞെടുക്കാൻ നമുക്ക് സാധിക്കണം. പരിസ്ഥിതിസംരക്ഷണം ജീവിതത്തിന്റെ ഭാഗമായി കണ്ടു പ്രവർത്തിക്കുന്നവരാണ് കത്തോലിക്കാവിശ്വാസികൾ. എന്നാൽ മനുഷ്യരെ അവഗണിച്ച് ഭൂമിയെയും സസ്യജന്തുജീവജാലങ്ങളെയും സംരക്ഷിക്കാൻ പരിശ്രമിക്കുന്ന സമീപനങ്ങൾ തിരുത്താൻ കൂടി നമുക്ക് സാധിക്കണം. കടലോരത്തും മലയോരത്തും ജീവിക്കുന്ന ജനങ്ങളുടെ നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അടിയന്തര വിഷയമായി നാം പരിഗണിക്കണം.

6. ഭാരതത്തിലെ കത്തോലിക്കാമെത്രാൻ സമിതി നിർദ്ദേശിക്കുന്നതുപോലെ, ജനങ്ങളുടെ ഉത്കണ്ഠകൾ മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുകയും ചെയ്യുന്ന നേതാക്കന്മാർ പൊതുതിരഞ്ഞെടുപ്പിലൂടെ പാർലിമെന്റിൽ എത്തുമെന്ന് ഞങ്ങൾ ഹൃദയപൂർവം പ്രത്യാശിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ താഴെകാണുന്ന കാര്യങ്ങൾ ചെയ്യുന്ന നേതാക്കളെയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്: (1) നമ്മുടെ രാഷ്ട്രത്തിന്റെ മതേതരസ്വഭാവം ഉയർത്തിപ്പിടിക്കുകയും സമൂഹങ്ങൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുകയും മതാന്തരസംവാദത്തിന്റെയും പരസ്പരധാരണയുടെയും ചൈതന്യം വളർത്തുകയും ചെയ്യുന്നവർ. (2) സമൂഹത്തിലെ ന്യൂനപക്ഷങ്ങളെയും ദുർബലവിഭാഗത്തെയും പരിരക്ഷിക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവരെ സമുദ്ധരിക്കുന്നതിന് യത്നിക്കുകയും ചെയ്യുന്നവർ. (3) ഗോത്രവർഗക്കാർക്ക് ഭൂമി, ജലം, വനങ്ങൾ എന്നിവയുടെ മേലുള്ള അധികാരം സംരക്ഷിക്കുകയും ദളിത്ക്രിസ്ത്യാനികൾക്ക് ഇതര ദളിതർക്കൊപ്പമുള്ള അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നവർ. (4) ദരിദ്രരെയും അധഃസ്ഥിതരെയും പ്രത്യേകമായി സഹായിക്കുന്ന ഒരു സാമ്പത്തി

ക സംവിധാനത്തിനുവേണ്ടി പ്രവർത്തിക്കുകയും അവരുടെ മഹത്ത്വം സംരക്ഷിക്കുകയും അവരെ രാഷ്ട്രനിർമ്മിതിയിൽ അവർക്ക് അവകാശപ്പെട്ട സ്ഥാനം ഏറ്റെടുക്കാൻ ശക്തരാക്കുകയും ചെയ്യുന്നവർ. (5) കേരളത്തിന്റെ തീരദേശങ്ങളിൽ ഭീതിയോടും ആശങ്കയോടും ജീവിക്കുന്ന ജനങ്ങളുടെ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുടെ, പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ സാധിക്കുന്ന വ്യക്തികൾ. (6) പശ്ചിമഘട്ടത്തിൽ ആശങ്കയോടെ ജീവിക്കുന്ന സാധാരണക്കാരായ കൃഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന വ്യക്തികൾ. (7) കേരളത്തിൽ വ്യാപകമാകുന്ന മദ്യപാനശീലം, മയക്കുമരുന്നിന്റെ ഉപയോഗം, സ്ത്രീകളോടും കുട്ടികളോടുമുള്ള വർധിച്ച അക്രമങ്ങൾ, വർധിച്ചുവരുന്ന ഭ്രൂണഹത്യകൾ, വർഗീയത എന്നിവയ്ക്കെതിരേ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്ന വ്യക്തികൾ.

7. പൊതുനന്മയ്ക്കുവേണ്ടി ഏറ്റവും നല്ലത് എന്താണെന്നു തിരിച്ചറിഞ്ഞ് അതിനുവേണ്ടി പ്രവർത്തിക്കുന്ന നല്ലൊരു ഗവൺമെന്റ് ഉണ്ടാകാൻ നമ്മൾ എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. ദൈവം തന്റെ പുത്രനെ അയച്ചത് നമുക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ 10:10). മനുഷ്യന്റെ സമഗ്രവികസനത്തിനുവേണ്ടി നിലകൊള്ളുന്നവരാകണം ഭരണകർത്താക്കൾ. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, കൂടുതൽ നല്ല ഇന്ത്യയ്ക്കുവേണ്ടി നമുക്കെല്ലാവർക്കും ഒരുമയോടെ അധ്വാനിക്കാം. എപ്പോഴും നമ്മെ നയിക്കാനും സംരക്ഷിക്കാനും കന്യകമാതാവായ മറിയത്തോടു നമുക്കു പ്രാർത്ഥിക്കാം. ദൈവം നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**

പ്രസിഡന്റ്, കെസിബിസി

NB: 2014 ഏപ്രിൽ 6–ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.





# ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ അജപാലനലേഖനം

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ രാജ്യം വീണ്ടും പൊതുതിരഞ്ഞെടുപ്പിനു തയ്യാറാവുകയാണ്. ഇതു നമ്മെ സംബന്ധിച്ചിടത്തോളം സുപ്രധാന നിമിഷമാണ്. കാരണം, നമ്മുടെ രാജ്യത്തിന്റെ ആഭിമുഖ്യവും പുരോഗതിയും നമ്മുടെ അനുദിനജീവിതത്തിന്റെ ഭൂരിഭാഗവും പാർലമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വലിയ തോതിൽ ആശ്രയിച്ചിരിക്കുന്നു. അജപാലകരെന്ന നിലയിൽ ഈ ലേഖനത്തിലൂടെ നിങ്ങളോടു സംസാരിക്കുക ഞങ്ങളുടെ കടമയായി ഞങ്ങൾ കരുതുന്നു. സന്മനസ്സുള്ള സകലരോടും ഒത്തുചേർന്ന്, നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്നതിനുള്ള സംഭാവന കാര്യക്ഷമമായി നല്കാൻ, നമുക്കു കഴിയണം.

ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി കത്തോലിക്കാസഭ താദാത്മ്യപ്പെടുന്നില്ലെന്ന് വ്യക്തമായി പറയാൻ തുടക്കത്തിലേ ഞങ്ങൾ ആഗ്രഹിക്കുന്നു. വോട്ടുചെയ്യാൻ യോഗ്യതയുള്ള ഓരോ പൗരനെയും ആ കടമയും അവകാശവും വിവേകത്തോടും ശ്രദ്ധയോടും യുക്തിയുക്തതയോടുംകൂടി വിനിയോഗിക്കാൻ നിർബന്ധിക്കുന്നതിന് മെത്രാന്മാരെന്ന നിലയിൽ ഞങ്ങൾക്കു കടമയുണ്ട്. ജനങ്ങൾക്കുള്ള കടമയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കാൻ എല്ലാ ഇടവക വൈദികരോടും ഞങ്ങൾ ആവശ്യപ്പെടുന്നു. ഓരോ വോട്ടിനും മൂല്യമുണ്ടെന്ന അവബോധം നമുക്കുണ്ടായിരിക്കണം. അതു നമ്മോടും നമ്മുടെ സന്തതികളോടും നമ്മുടെ രാജ്യത്തോടുമുള്ള കടപ്പാടാണ്. ഈ അവസരം നഷ്ടപ്പെടുത്താതിരിക്കണം. നമ്മുടെ ചരിത്രത്തെയും സംസ്കാരത്തെയും നമ്മുടെ രാജ്യത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ച കാര്യമാണിത്.

നമ്മുടെ സമൂഹം അഗാധമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും ജനതയുടെ ജീവിതത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. സാമൂഹികസമ്പർക്കം, ആന്തരികവ്യവസ്ഥിതി, പൊതുസൗകര്യങ്ങൾ മുതലായ മണ്ഡലങ്ങളിൽ അത്ഭുതകരമായ വികസനമാണ് കഴിഞ്ഞ ദശകത്തിലുണ്ടായത്. ആഗോളവത്കരണം നമ്മുടെ ജീവിതത്തിന്റെ ഓരോ വശത്തെയും സ്വാധീനിച്ചിട്ടുണ്ട്. അത് ഏറ്റവും അകന്ന ഗ്രാമീണപ്രദേശങ്ങളെപ്പോലും ബാധിച്ചിരിക്കുന്നു. അതേസമയം ആകുലതയ്ക്ക് ഇടംനല്കുന്ന പല മണ്ഡലങ്ങളു

മുണ്ട്. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അസംഘടിത അനൗദ്യോഗിക-താത്കാലിക തൊഴിലാളികളിൽ അനേകർക്ക് കിട്ടുന്നതുകൊണ്ട് ജീവൻ നിലനിറുത്താൻ പ്രയാസമായിരിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹികമേഖല എന്നിവയിലുള്ള പൊതുസ്ഥാപനങ്ങളെ സ്വകാര്യവത്കരണ പ്രവണത തകർക്കാൻ തുടങ്ങുകയാണ്. സമൂഹത്തിന് മാർഗനിർദ്ദേശം നല്കുന്ന തത്ത്വമെന്ന നിലയിലുള്ള ധാർമ്മികതയ്ക്ക് അതിന്റെ പരമാധികാരം നഷ്ടപ്പെടുകായണ്. ദൈവത്തെ അരികുകളിലേക്ക് തള്ളിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ്, ഈ ചരിത്രനിമിഷത്തിലാണ്, നമ്മൾ തിരഞ്ഞെടുപ്പിലേക്കു കടക്കുന്നത്.

ജനങ്ങളുടെ ഉത്കണ്ഠകൾ മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുകയും ചെയ്യുന്ന നേതാക്കന്മാരെ പൊതുതിരഞ്ഞെടുപ്പു നല്കുമെന്ന് കത്തോലിക്കാസഭ ഹൃദയപൂർവം പ്രത്യാശിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്ന നേതാക്കളെയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്.

1) നമ്മുടെ രാഷ്ട്രത്തിന്റെ മതേതരത്വസ്വഭാവം ഉയർത്തിപ്പിടിക്കുകയും സമൂഹങ്ങൾ തമ്മിലുള്ള ഐക്യവും മതാന്തരസംവാദത്തിന്റെയും പരസ്പരധാരണയുടെയും ചൈതന്യവും വളർത്തുകയും ചെയ്യുന്ന ആളുകളെ.

2) സമൂഹത്തിലെ ന്യൂനപക്ഷങ്ങളെയും ദുർബലവിഭാഗത്തെയും പരിരക്ഷിക്കുകയും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അവരെ സമുദ്ധരിക്കുന്നതിന് അധ്വാനിക്കുകയും ചെയ്യുന്നവരെ.

3) ഗോത്രവർഗക്കാർക്ക് ഭൂമി, ജലം, വനങ്ങൾ എന്നിവയുടെ മേലുള്ള അധികാരം സംരക്ഷിക്കുകയും, ദളിത്ക്രിസ്ത്യാനികൾക്ക് മറ്റുള്ള ദളിതർക്ക് തുല്യമായ അവകാശങ്ങൾ നല്കുകയും ചെയ്യുന്നവരെ.

4) ദരിദ്രരെയും അധഃസ്ഥിതരെയും പ്രത്യേകമായി സഹായിക്കുന്നതിന് പരിശ്രമിക്കുന്ന ഒരു സാമ്പത്തികതയ്ക്കുവേണ്ടി പ്രവർത്തിക്കുകയും അവരുടെ മഹത്ത്വം സംരക്ഷിക്കുകയും രാഷ്ട്രനിർമ്മിതിയിൽ അവർക്ക് അവകാശപ്പെട്ട സ്ഥാനം ഏറ്റെടുക്കാൻ ശക്തരാക്കുകയും ചെയ്യുന്നവരെ.

5) നമ്മുടെ രാജ്യത്തിന്റെ കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുക. എല്ലാവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതസാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നവരെ.

ഇതെല്ലാം ദേശീയപ്രശ്നങ്ങളാണ്. ഇതുപോലെ പ്രാദേശികവും സവിശേഷവുമായ ആവശ്യങ്ങളും പരിഗണിക്കേണ്ടിവരും.





പൊതുനന്മയ്ക്കുവേണ്ടി ഏറ്റവും നല്ലത് എന്താണെന്നു തിരിച്ചറിയാൻ വേണ്ടി ദിവ്യകാരുണ്യത്തിന്റെ മുമ്പിലും ഭവനത്തിലും പ്രാർത്ഥനയിൽ കുറേ സമയം ചെലവഴിക്കാൻ ഞങ്ങൾ നിർബന്ധിക്കുന്നു. നല്ലൊരു ഗവൺമെന്റ് ഉണ്ടകാൻ നമ്മൾ എല്ലവാരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. ദൈവം തന്റെ പുത്രനെ അയച്ചത് നമുക്കു ജീവനുണ്ടാകാനും അതു പൂർണമായി ഉണ്ടാകാനുമാണ് (യോഹ 10:10). കർത്താവിന്റെ ശക്തിയോടെ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, കൂടുതൽ നല്ല ഇന്ത്യക്കുവേണ്ടി നമുക്കെല്ലാവർക്കും ഒരുമയോടെ അധ്വാനിക്കാം. എപ്പോഴും നയിക്കാനും സംരക്ഷിക്കാനും നമുക്ക് സമൃദ്ധമായ കൃപകൾ നല്കാനും വേണ്ടി, കന്യകമാതാവായ മറിയത്തിനു നമ്മുടെ രാജ്യത്തെ ഞങ്ങൾ സമർപ്പിക്കുന്നു.

**ഓസ്വാൾഡ് കാർഡിനൽ ഗ്രേഷ്യസ്**
പ്രസിഡന്റ്, ഭാരതീയ കത്തോലിക്കാ മെത്രാൻസമിതി (സി.ബി.സി.ഐ.)

---

## ഇൻഡ്യയിലെ സീറോമലബാർ പ്രവാസികൾക്കായി അപ്പസ്തോലിക് വിസിറ്റർ

## വിജ്ഞാപനം

Prot. No. 441/2014

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

സീറോമലബാർ സഭയിൽ 40 ലക്ഷത്തിലേറെ വിശ്വാസികളുണ്ട്. ഇതിൽ 7 ലക്ഷത്തോളംപേർ സഭയുടെ 31 രൂപതകൾക്ക് പുറത്ത് പ്രവാസിക

ളായി കഴിയുന്നവരാണ്. ഇൻഡ്യയിൽ തന്നെ പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലുമായി 2 ലക്ഷത്തിലധികം സീറോമലബാർ കത്തോലിക്കരുണ്ട്. ഏറ്റവും കൂടുതലുള്ളത് ബാംഗ്ളൂർ, ചെന്നൈ, ലക്നൗ, ഗ്വാളിയർ, സൂററ്റ്, അഹമ്മദാബാദ്, ഗാന്ധിനഗർ, ഗോവ, സിൽവാസ, ദമൻ, നാഗ്പ്പൂർ, ഔറംഗബാദ്, സേലം എന്നിവിടങ്ങളിലാണ്.

പ്രവാസികളുടെ അജപാലനം ശരിയായി നിർവ്വഹിക്കുന്നതിന് സാർവ്വത്രിക സഭ ശ്രദ്ധാലുവാണ്. ഓരോ വ്യക്തിസഭയിൽ നിന്നുമുള്ള പ്രവാസികളുടെ അജപാലനം അതേ സഭയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടാനുള്ള ഏർപ്പാടുകളും സഭ ചെയ്യുന്നുണ്ട്. അപ്രകാരം സീറോമലബാർ സഭയിൽ നിന്നും പ്രവാസികളായി കഴിയുന്ന ഇൻഡ്യയിലെ വിശ്വാസി സമൂഹങ്ങൾക്ക് അജപാലന നേതൃത്വം കൊടുക്കുവാൻ 2014 ജനുവരി 11 -ാം തീയതി പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനെ നിയമിക്കുകയുണ്ടായി. സീറോമലബാർ പ്രവാസികൾ ഇപ്പോൾ അവർ അധിവസിക്കുന്ന പ്രദേശങ്ങളിലെ ലത്തീൻ സഭയിലെ പിതാക്കന്മാരുടെ അജപാലനാധികാരത്തിൻ കീഴിലാണ്. അപ്പസ്തോലിക് വിസിറ്ററുടെ നിയമനത്തിനു ശേഷവും അതതു ലത്തീൻ മെത്രാൻമാർക്കായിരിക്കും പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെമേലുള്ള അജപാലനാധികാരം. എന്നാൽ അപ്പസ്തോലിക് വിസിറ്ററായ മാർ റാഫേൽ തട്ടിൽ പിതാവിന് ലത്തീൻ പിതാക്കന്മാരുടെ സമ്മതത്തോടെ പ്രവാസികളായ സീറോമലബാർ വിശ്വാസികൾക്ക് ആവശ്യമായ മെത്രാനടുത്ത ശുശ്രൂഷകൾ ചെയ്യാവുന്നതാണ്. അപ്രകാരമുള്ള അജപാലന ശുശ്രൂഷകൾക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും അപ്പസ്തോലിക് വിസിറ്റർ പിതാവിന് പ്രവാസികളായ എല്ലാ സീറോമലബാർ കത്തോലിക്കരും നല്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ പ്രവാസി സമൂഹങ്ങളിലെല്ലാം ലത്തീൻ സഭയിലെ പിതാക്കന്മാരോടും നമ്മുടെ മെത്രാൻ സിനഡിനോടും ആവശ്യകമായ അവസരങ്ങളിൽ പരിശുദ്ധ സിംഹാസനത്തോടും ആലോചിച്ച് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അപ്പസ്തോലിക് വിസിറ്റർ പിതാവ് പരിശ്രമിക്കുന്നതാണ്. പ്രവാസി സമൂഹങ്ങളിലെ സീറോമലബാർ കുർബാനകളിൽ അഭിവന്ദ്യ പിതാവിന്റെ പേര് പറഞ്ഞ് പ്രാർത്ഥിക്കണമെന്ന് നിർദ്ദേശിക്കുന്നു. പിതാവിന്റെ





പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കുവാൻ സഭാമക്കളേവരും തയ്യാറാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

സീറോമലബാർ സഭയിലെ പ്രവാസികളുടെ കാര്യങ്ങൾക്ക് ഇതുവരെയും മാർഗ്ഗദർശനങ്ങൾ നല്കുകയും വേണ്ടസംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നേതൃത്വം നല്കുകയും ചെയ്തിരുന്നത് സഭാസിനഡിന്റെ സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമായുള്ള കമ്മീഷനായിരുന്നു. പ്രസ്തുത കമ്മീഷന്റെ ഇൻഡ്യയിലെ പ്രവാസികൾക്ക് വേണ്ടിയുള്ള പ്രവർത്തനം ഇനി അപ്പസ്തോലിക് വിസിറ്ററുടെ ചുമതലയിലായിരിക്കും. ഇൻഡ്യക്ക് പുറത്തുള്ള സീറോമലബാർ പ്രവാസികൾക്കുവേണ്ടി ഈ കമ്മീഷൻ തുടർന്നും പ്രവർത്തിക്കുന്നതാണ്. ഇൻഡ്യയിലെ പ്രവാസികൾക്ക് വേണ്ടി ഈ കമ്മീഷൻ ചെയ്ത എല്ലാ പ്രവർത്തനങ്ങൾക്കും അതുവഴിയുണ്ടായ എല്ലാ വിജയങ്ങൾക്കും നന്ദി പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ പുതിയ മേലദ്ധ്യക്ഷ ശുശ്രൂഷയെ നമുക്കു കർത്താവിന്റെ കൃപയ്ക്ക് സമർപ്പിക്കാം. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയും വ്യക്തിത്വഗുണങ്ങളും കൈമുതലാക്കിക്കൊണ്ട് തന്റെ ശുശ്രൂഷ വിജയകരമായി നടത്തുന്നതിന് അദ്ദേഹത്തിന് സാധിക്കുമെന്നാണ് ഏവരുടെയും പ്രതീക്ഷ. ദൈവജനം മുഴുവൻ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സഹായസഹകരണങ്ങൾ നല്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,



**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

N.B: ഈ സർക്കുലർ ഒരു ഞായറാഴ്ച സുവിശേഷപ്രഘോഷണത്തിനു ശേഷം പള്ളിയിൽ വായിക്കേണ്ടതാണ്.

## എപ്പാർക്കി ഓഫ് സെന്റ് തോമസ് ദി അപ്പോസൽ,
## മെൽബൺ
## പ്രഥമ മെത്രാൻ മാർ ബോസ്കോ പുത്തൂർ
# വിജ്ഞാപനം

Prot.No. 0442/2014

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

ആസ്ത്രേലിയായിലെ സീറോമലബാർ വിശ്വാസികൾക്കായി പരിശുദ്ധ സിംഹാസനം 2014 ജനുവരി 11 -ാം തീയതി ഒരു രൂപത സ്ഥാപിച്ച തായി അറിഞ്ഞിരിക്കുമല്ലോ. മെൽബൺ നഗരത്തിലാണ് പുതിയ രൂപ തയുടെ ആസ്ഥാനം. നമ്മുടെ സഭയുടെ കൂരിയ മെത്രാനായിരുന്ന ബോസ്കോ പുത്തൂർ പിതാവിനെയാണ് പുതിയ രൂപതയുടെ മെത്രാ നായി നിയമിച്ചിരിക്കുന്നത്. മാർച്ച് 25ന് അഭിവന്ദ്യ പിതാവ് പുതിയ ശുശ്രൂഷ ഏറ്റെടുക്കുകയാണ്.

45000 - ത്തോളം സീറോമലബാർ വിശ്വാസികളാണ് ആസ്ത്രേലി യായിലുള്ളത്. സിഡ്നി, മെൽബൺ, കാൻബറ, പെർത്ത്, അഡ്ലെ യ്ഡ്, ബ്രിസ്ബെയ്ൻ, ഡാർവിൻ, പറമട്ട, വോളോംഗോങ്ങ്, എന്നിനഗ രങ്ങളിലാണ് സീറോമലബാർ വിശ്വാസികൾ കൂടുതലായുള്ളത്. അവർ ഓരോ സ്ഥലത്തും കൂട്ടായ്മകളായി രൂപപ്പെട്ടിട്ടുണ്ട്. അവരുടെ ഇടയിൽ അഭിപ്രായ ഭിന്നതകൾ അധികമില്ല എന്നത് പ്രത്യേകം പ്രസ്താവ്യ മാണ്. ആസ്ത്രേലിയൻ ബിഷപ്പ് കോൺഫ്രൻസ് പൗരസ്ത്യ സഭ കൾക്ക് സാർവ്വത്രിക സഭയിലുള്ള സ്ഥാനം നന്നായി മനസ്സിലാക്കു ന്നുണ്ട്. അതിനാൽ സീറോമലബാർ സഭയുടെ മെൽബൺ രൂപത സ്ഥാപിക്കാൻ എല്ലാവിധ ഒത്താശകളും ബിഷപ്പ് കോൺഫ്രൻസ് ചെയ്ത് തന്നിരുന്നു. ഉക്രേനിയൻ, കാൽഡിയൻ, മാരണേറ്റ്, മെല്ക്കൈ





റ്റ്, എന്നീ പൗരസ്ത്യ സഭകൾക്കും ആസ്ത്രേലിയായിൽ രൂപതകളു ണ്ട്.

ആസ്ത്രേലിയായിലെ സീറോമലബാർ രൂപതയുടെ മെത്രാൻ എന്ന നിയമനത്തോടൊപ്പം ന്യൂസിലന്റിലെ സീറോമലബാർ വിശ്വാസി കൾക്കായുള്ള അപ്പസ്തോലിക് വിസിറ്ററായുള്ള ഉത്തരവാദിത്വവും ബോസ്ക്കോ പിതാവിന് ലഭിച്ചിട്ടുണ്ട്.

നാലുവർഷം സഭാകാര്യാലയത്തിൽ കൂരിയ മെത്രാനായും സിനഡ് സെക്രട്ടറിയായും സേവനം ചെയ്ത ശേഷമാണ് ബോസ്ക്കോ പിതാവ് ആസ്ത്രേലിയായിലേയ്ക്ക് പോകുന്നത്. ഈ നിലകളിൽ സേവനം ചെയ്ത് നേടിയ പ്രാഗല്ഭ്യവും സൗഹൃദബന്ധങ്ങളും തനിക്ക് സ്വന്ത മായ ആദ്ധ്യാത്മികതയും പുതിയ ശുശ്രൂഷയിൽ പിതാവിന് കൈമുത ലായിരിക്കുമെന്നതിൽ സംശയമില്ല. പിതാവിന്റെ ശുശ്രൂഷയ്ക്കും മെൽബൺ രൂപതയ്ക്കും സഭാമക്കൾ സർവ്വവിധ പിന്തുണയും പ്രാർത്ഥ നാസഹായവും നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പുതിയ രൂപതയ്ക്കും രൂപതാധ്യക്ഷനും എല്ലാവിധ ദൈവാനുഗ്രഹ ങ്ങളും പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
മേജർ ആർച്ച് ബിഷപ്പ്, സീറോ മലബാർ സഭ

N.B: ഈ വിജ്ഞാപനം ഒരു ഞായറാഴ്ച സുവിശേഷപ്രഘോഷണത്തിനു ശേഷം പള്ളിയിൽ വായിക്കേണ്ടതാണ്.

## കേരള കത്തോലിക്കാമെത്രാൻസമിതിയുടെ
## തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന
# മേയ്ദിന സന്ദേശം - 2014

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെയും തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മത്തിരുനാളിന്റെയും എല്ലാവിധ നന്മകളും ആശംസിക്കുന്നു. അദ്ധ്വാനത്തിൽ പങ്കുചേരുകവഴി തൊഴിലിനെയും

തൊഴിലാളികളെയും വിശുദ്ധീകരിച്ച നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയുംമേൽ വർഷിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

2. ദൈവത്തിന്റെ അദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് പ്രപഞ്ചം രൂപപ്പെട്ടതെന്നാണ് വിശുദ്ധഗ്രന്ഥം വിവരിക്കുന്നത്. അതുകൊണ്ടാണ് തിരുസ്സഭ, തൊഴിലിനെ ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിലുള്ള മനുഷ്യന്റെ പങ്കുചേരലായി വിശദീകരിക്കുന്നത്. 'നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുക' (ഉത്പ 3:19) എന്ന ദൈവകല്പന വിശുദ്ധ പൗലോസ് അപ്പോസ്തലൻ പുനരാവിഷ്കരിക്കുന്നതാണ് 'അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' (2 തെസ 3:10) എന്ന വചനഭാഗം. തൊഴിലിനു അത്രയേറെ പ്രാധാന്യം ക്രൈസ്തവ ദർശനത്തിലുണ്ട്.

3. കുടുംബത്തെക്കുറിച്ചുള്ള സിനഡിനായി ആഗോളതിരുസ്സഭ ഒരുങ്ങുന്ന ഈ വേളയിൽ തൊഴിലാളികളുടെ കുടുംബജീവിതത്തിന് തിരുസ്സഭ വലിയ പ്രാധാന്യം നൽകുന്നുണ്ട്. കഴിഞ്ഞ ഒരുവർഷക്കാലമായി തിരുസ്സഭയെ നയിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പ്രബോധനങ്ങളും ജീവിതസാക്ഷ്യവും വലിയ സ്വാധീനമാണ് സമൂഹത്തിൽ ഉളവാക്കിക്കൊണ്ടിരിക്കുന്നത്. ദരിദ്രരും നിന്ദിതരും നിരാലംബരുമായ ജനവിഭാഗങ്ങളോടുള്ള അതിരറ്റ അനുകമ്പ, സമ്പത്തിന്റെയും ഭൗതികസുഖഭോഗങ്ങളുടെയും പിന്നാലെ പരക്കംപായുന്ന ലോകത്തിനെതിരേ ഉയർത്തുന്ന വിമർശനങ്ങൾ, ലാളിത്യവും വിനയവും നിറഞ്ഞ ജീവിതശൈലി എന്നിവ വഴി ലോകമനഃസാക്ഷിയുടെ മുന്നിൽ ചോദ്യങ്ങളുയർത്തുകയാണ് പാപ്പാ.

4. ഈയിടെ മാർപാപ്പാ പുറത്തിറക്കിയ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക ആഹ്വാനം ലോകമെങ്ങും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രാന്തവത്കരിക്കപ്പെട്ടവരുടെ വികസനത്തിനും ശക്തീകരണത്തിനും വിമോചനത്തിനുമുള്ള പ്രവർത്തനങ്ങൾ സുവിശേഷവത്കരണത്തിന്റെ അവിഭാജ്യഘടകമായി പാപ്പാ വിശദീകരിക്കുന്നുണ്ട്. പ്രവാചകതീക്ഷ്ണതയോടെയാണ് പാപ്പാ സമകാലികസമൂഹത്തെ വിലയിരുത്തുന്നത്. വികസനത്തിൽനിന്നും തഴയപ്പെട്ടവരെ പാപ്പാ വിവരിക്കുന്നതിങ്ങനെയാണ്: "ഇന്ന് എല്ലാ കാര്യങ്ങളും മത്സരത്തിന്റെയും പ്രബലരുടെ അതിജീവനത്തിന്റെയും നിയമങ്ങൾക്ക് കീഴിലായിരിക്കുന്നു. അവിടെ ബലവാന്മാർ ദുർബലരെ തിന്നു കൊഴുക്കുന്നു. അതിന്റെ അനന്തരഫലമായി ജനസമൂഹങ്ങൾ ഒഴിവാക്കപ്പെട്ടവരായും പാർശ്വവത്കരിക്കപ്പെട്ടവരായും മാറുന്നു. അവർക്ക് ജോലിയില്ല, സാദ്ധ്യതകളില്ല, രക്ഷപ്പെടാൻ മാർഗ്ഗമില്ല. ഉപയോഗിച്ചിട്ടു വലിച്ചെറിയേണ്ട ഉപഭോഗവസ്തുവായി മനുഷ്യൻ കരുതപ്പെടുന്നു. നാം ഒരു വലിച്ചെറിയൽ സംസ്കാരം സൃഷ്ടിച്ചിരിക്കുന്നു. ഇത് കേവലം ചൂഷണത്തിന്റെയും ഞെരുങ്ങലിന്റെയും പ്രശ്നമല്ല. ......ഒഴിവാക്കപ്പെട്ടവർ സമൂഹത്തിന്റെ അടിത്തട്ടിലോ അതിരുകളിൽ പോലുമോ ഉള്ളവരാകുന്നില്ല. അവകാശങ്ങളില്ലാത്തവരിൽപ്പോലും ഉൾപ്പെടുന്നില്ല. അവർ സമൂഹത്തിന്റെ ഒരു ഭാഗമേ അല്ല. ഒഴിവാക്കപ്പെട്ടവർ ചൂഷിതരല്ല, പിന്നയോ സമൂഹഭ്രഷ്ടരാണ്, തള്ളിക്കളയപ്പെട്ടവരാണ്" (ഖണ്ഡിക 53).





5. അതുപോലെതന്നെ സമകാലികസമൂഹത്തെ ബാധിച്ചിരിക്കുന്ന മനോഭാവമാറ്റത്തെയും അതിന്റെ കാരണങ്ങളെയും പ്രത്യാഘാതങ്ങളെയും പാപ്പാ വിവരിക്കുന്നുണ്ട്: "മറ്റുള്ളവരെ ഒഴിവാക്കുന്ന ജീവിതശൈലി നിലനിറുത്താൻ അല്ലെങ്കിൽ സ്വാർത്ഥം നിറഞ്ഞ ആദർശത്തിനുവേണ്ടിയുള്ള ആവേശം നിലനിറുത്താൻ നിസ്സംഗതയുടെ ഒരു ആഗോളവത്കരണം വികസിച്ചു വന്നിരിക്കുന്നു. അതിനെപ്പറ്റി ബോധവാന്മാരാകാതെ തന്നെ നമ്മൾ ദരിദ്രരുടെ വിലാപത്തിൽ സഹതാപം തോന്നാൻ കഴിയാത്തവരും, മറ്റുള്ളവരുടെ വേദനയിൽ കരയാനാകാത്തവരും, അവരെ സഹായിക്കുക ആവശ്യമാണെന്ന് തോന്നാത്തവരും ആയിത്തീർന്നിരിക്കുന്നു. അതെല്ലാം നമ്മുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളല്ലെന്നും മറ്റുള്ളവരുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യങ്ങളാണെന്നും നാം ധരിച്ചിരിക്കുന്നു. സമൃദ്ധിയുടെ സംസ്കാരം നമ്മെ മയക്കത്തിലാക്കിയിരിക്കുന്നു" (ഖണ്ഡിക 54).

6. "ഈ അവസ്ഥയുടെ ഒരു ഹേതു പണത്തോടുള്ള നമ്മുടെ ബന്ധമാണ്. കാരണം നമ്മുടെമേലും സമൂഹത്തിന്റെമേലും പണത്തിനുള്ള ആധിപത്യം നമ്മൾ ശാന്തരായി സ്വീകരിച്ചിരിക്കുന്നു" (ഖണ്ഡിക 55). "ന്യൂനപക്ഷത്തിന്റെ സമ്പാദ്യം അസൂയാർഹമാംവിധം വളരുമ്പോൾ സന്തുഷ്ടരായ ഇക്കൂട്ടരുടെ ഐശ്വര്യത്തിനും ബഹുഭൂരിപക്ഷത്തിന്റെ സമ്പാദ്യത്തിനുമിടയിലുള്ള വിടവ് ഉത്തരോത്തരം വികസിച്ചു വരികയാണ്" (ഖണ്ഡിക 56).

7. ദരിദ്രരുടെ വികസനം ബാഹ്യതലസ്പർശിമാത്രമാകാതെ സമഗ്രമായിരിക്കണമെന്ന് പാപ്പാ പഠിപ്പിക്കുന്നു. തൊഴിലിനും കൂലിക്കും സമൂഹത്തിന്റെ വികസനത്തിലുള്ള സ്ഥാനം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ പാപ്പാ വിവരിക്കുന്നു. "എല്ലാ ജനങ്ങളുടെയും പോഷണം ഉറപ്പുവരുത്തുന്നതിനെക്കുറിച്ചോ അവരെ മഹത്ത്വപൂർണ്ണമായി താങ്ങിനിറുത്തുന്നതിനെസംബന്ധിച്ചോ മാത്രമല്ല, പിന്നെയോ അവരുടെ ഭൗതികക്ഷേമത്തെയും ഐശ്വര്യത്തെയും കുറിച്ചാണ് നാം സംസാരിക്കുന്നത്. ഇതിന്റെ അർത്ഥം അവർക്ക് വിദ്യാഭ്യാസവും ചികിത്സാസൗകര്യവും

സർവോപരി തൊഴിലും ലഭിക്കണമെന്നതാണ്. എന്തെന്നാൽ സ്വതന്ത്രവും സർഗ്ഗാത്മകവും ഭാഗഭാഗിത്വമുള്ളതും പരസ്പരം പിന്താങ്ങുന്നതുമായ തൊഴിലിലൂടെയാണ് മനുഷ്യർ തങ്ങളുടെ മഹത്ത്വം പ്രകാശിപ്പിക്കുന്നതും ഉയർത്തുന്നതും. നമ്മുടെ പൊതു ഉപയോഗത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മറ്റു സകല വസ്തുക്കളും പര്യാപ്തമായി നേടാൻ നീതിപൂർവ്വകമായ കൂലി അവർക്ക് കഴിവ് നൽകും” (ഖണ്ഡിക 192). “വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തികവളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്. വരുമാനത്തിന്റെ കൂടുതൽ നല്ലവിതരണം, തൊഴിലിലുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കുവേണ്ടിയുള്ളതുമായ സമഗ്രവളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും യാന്ത്രിക സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ്. ഉത്തരവാദിത്വബോധമില്ലാത്ത ജനപ്രീതിവാദം നിർദ്ദേശിക്കുന്നതിൽ നിന്ന് ഞാൻ വളരെ അകലെയാണ്. പക്ഷേ, പുതിയ വിഷയമായിരിക്കുന്ന പരിഹാരമാർഗ്ഗങ്ങളിലേക്ക് സാമ്പത്തികതയ്ക്ക് ഇനി ഒട്ടും തിരിയാൻ സാധ്യമല്ല. തൊഴിൽശക്തി കുറച്ചുകൊണ്ട് ലാഭം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും അങ്ങനെ പുറംതള്ളപ്പെട്ടവരുടെ നിര വർദ്ധിപ്പിക്കുകയും ചെയ്യുന്നത് അത്തരത്തിലുള്ള പരിഹാരമാർഗ്ഗമാണ്” (ഖണ്ഡിക 204).

8. കേരളത്തിലെ ചെറുകിട കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. പരിസ്ഥിതിയുടെ പേരിൽ ഇരകളാകുന്ന മലയോരവാസികളിലും തീരദേശവാസികളിലും പെട്ടവരുടെ അവസ്ഥ ദയനീയം തന്നെ. ചില സ്ഥാപിതതാത്പര്യങ്ങളാണിതിന്റെ പിന്നിൽ. എല്ലാവരും ഒരുമിച്ച് ഇതിനെ ചെറുത്തുതോല്പിക്കാൻ തയ്യാറാവണം.

9. സേവനമേഖലയിൽ തൊഴിൽചെയ്യുന്ന ചില വിഭാഗം അസംഘടിത സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രബുദ്ധരായ കേരളസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കേരളത്തിൽ വളർന്നുവരുന്ന നഗരവത്കരണത്തിന്റെ ഭാഗമായി വൻകിട കച്ചവടസ്ഥാപനങ്ങളും മാളുകളും അനുദിനം വർദ്ധിച്ചുവരികയാണ്. സ്ത്രീത്തൊഴിലാളികളാണ് ഈ രംഗത്ത് ജോലിചെയ്യുന്നവരിൽ ഭൂരിപക്ഷവും. താരതമ്യേന ദരിദ്രകുടുംബങ്ങളിൽനിന്നും വരുന്നവരാണിവർ. കടുത്ത ചൂഷണവും വിവേചനവും ഈ രംഗത്ത് ഉണ്ടെന്നാണ് പല പഠനങ്ങളും വെളിവാക്കുന്നത്. ഷോപ്സ് ആൻഡ് കോമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പോലുള്ള നിയമങ്ങൾ വേണ്ടവിധത്തിൽ നടപ്പാക്കപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആക്റ്റിൽ പറയുന്ന വേതനസേവനവ്യവസ്ഥകൾ, വിശ്രമം, അവധി, ഓവർടൈം വേതനം തുടങ്ങിയ സൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല എന്നതാണ് പഠനങ്ങൾ കാണിക്കുന്നത്.





10. മറ്റൊരു മേഖലയെക്കൂടി ചർച്ചയ്ക്ക് വിധേയമാക്കട്ടെ. അൺഎയ്ഡഡ് സ്കൂളുകളും സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുമാണവ. ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ സ്ത്രീജനങ്ങൾ തൊഴിൽചെയ്യുന്ന മേഖലയാണിത്. ഇവരുടെ സേവനവേതനവ്യവസ്ഥകളുമായി ബന്ധപ്പെട്ടു ചില പരിമിതമായ നിയമങ്ങളും ചട്ടങ്ങളും മാത്രമേ ഉള്ളൂവെങ്കിലും അതുപോലും നടപ്പിലാക്കാൻ പല മാനേജ്മെന്റുകളും തയ്യാറാകുന്നില്ല. പലർക്കുമെതിരേ മനുഷ്യത്വരഹിതമായ ശിക്ഷണനടപടികൾ സ്വീകരിക്കുക പതിവാണെന്ന ആക്ഷേപവും വ്യാപകമാണ്.

11. ഈ രണ്ടു മേഖലകളിലും നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ച് സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അനേകമുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ പരിഷ്കൃതസമൂഹത്തിനും രാജ്യത്തെ നിയമങ്ങൾക്കും സാമൂഹികനീതിക്കും എതിരായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കാണാതെ പോകുന്നത് നീതിയല്ല. മൂലധനത്തെക്കാൾ പ്രാധാന്യം തൊഴിലാളികൾക്ക് നല്കണമെന്നതാണ് സഭയുടെ സാമൂഹികപ്രബോധനം. ഇക്കാര്യത്തിൽ വളരെ നിശിതമായ നിലപാടാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ അവകാശങ്ങളും അന്തസ്സും അഭിമാനവും സംരക്ഷിച്ചുകൊണ്ട് വർദ്ധിത ഗുണനിലവാരത്തോടെ വ്യാപാരസ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകാൻ തയ്യാറാവണമെന്ന് ഉടമകളോടും മാനേജ്മെന്റുകളോടും അഭ്യർത്ഥിക്കുന്നു.

12. നിയമങ്ങൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന്റെതാണെന്ന കാര്യം വിസ്മരിക്കരുത്. നിയമങ്ങൾ രൂപപ്പെടുത്തിയാൽ മാത്രം പോരാ, തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള മേൽനോട്ടസംവിധാനങ്ങൾ എത്രയും വേഗം സർക്കാർ രൂപപ്പെടുത്തണം.

13. ‘റേരും നോവാരും’ മുതൽതന്നെ തൊഴിലാളിസംഘാടനത്തിന്റെ ആവശ്യകത തിരുസ്സഭ ആഹ്വാനം ചെയ്യുന്നുണ്ട്. (സത്യത്തിൽ സ്നേഹം 25). പാർശ്വവത്കരിക്കപ്പെട്ടിട്ടുള്ള അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിന് കേന്ദ്രട്രേഡ് യൂണിയനുകളും വേണ്ടപോലെ താത്പര്യമെടുക്കുന്നില്ലായെന്നതാണ് സത്യം. വിശാലമായ തൊഴിലാളി താത്പര്യങ്ങൾക്ക് പകരം രാഷ്ട്രീയകക്ഷികളുടെ പോഷകസംഘടനകളായി

മാത്രം ഇവ ചുരുങ്ങുന്നുണ്ടോ എന്ന് പരിശോധിക്കണം.

14. അതുപോലെതന്നെ കേരളം അതീവഗൗരവത്തോടെ ശ്രദ്ധകൊടുക്കേണ്ട ഒരു മേഖലയാണ് അന്യസംസ്ഥാനതൊഴിലാളികളുടേത്. ഇരുപത്തിയഞ്ച് ലക്ഷത്തിൽപ്പരം അന്യസംസ്ഥാനതൊഴിലാളികൾ കേരളത്തിലുണ്ടെന്നാണ് സർക്കാരിന്റെ കണക്കുകൾ പറയുന്നത്. ഈ വിഭാഗം തൊഴിലാളികളുടെ ജീവിതാവസ്ഥ വളരെ ശോചനീയമാണ്. നിലവാരമില്ലാത്ത വാസസ്ഥലം, കുറഞ്ഞ കൂലി, അസുരക്ഷിതവും അനാരോഗ്യകരവുമായ തൊഴിൽ സ്ഥലം, ചൂഷണം എന്നിവ അന്യസംസ്ഥാനതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളാണ്. മലയാളികളുടെ വിവേചനപരമായ മനോഭാവവും പ്രശ്നംതന്നെയാണ്. ഇക്കാര്യത്തിലും സംസ്ഥാനസർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ അനിവാര്യമാണ്. മാനുഷികമായ പരിഗണന ഇവർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സന്നദ്ധസംഘടനകളും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

15. നമ്മുടെ രാഷ്ട്രം ഒരു പൊതുതിരഞ്ഞെടുപ്പിന്റെ പ്രക്രിയയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രപിതാവ് മഹാത്മഗാന്ധിജിയും മറ്റു സ്വാതന്ത്ര്യസമരസേനാനികളും സ്വപ്നംകണ്ടതും ഭരണഘടന വിഭാവനം ചെയ്യുന്നതുമായ സാമൂഹികനീതിയുടെയും സാഹോദര്യത്തിന്റെയും തലങ്ങളിലേക്ക് രാഷ്ട്രത്തെ നയിക്കാൻ പ്രാപ്തിയുള്ള ഒരു സർക്കാർ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു തൊഴിലാളികൾ മുൻകൈയെടുക്കണം. 2011-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 48.767 കോടി തൊഴിലാളികളാണ് ഇന്ത്യയിൽ ഉള്ളത്. ഇവരിൽ 93 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭിക്കാത്ത അസംഘടിത തൊഴിലാളികളാണ്. നമ്മുടെ രാഷ്ട്രപുരോഗതിക്ക് നേതൃത്വം നൽകുന്ന ഇവരുടെ വളർച്ചയ്ക്കുള്ള പദ്ധതികൾ പുതിയ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കണം. അന്താരാഷ്ട്ര തൊഴിൽ സംഘടനയിൽ ഇന്ത്യ അംഗമാണെന്നിരിക്കെ ഐഎൽഒ യുടെ പല കൺവെൻഷനുകളും ഭാരതസർക്കാർ ഇന്നും പ്രാബല്യത്തിലാക്കിയിട്ടില്ല എന്നത് ഖേദകരമാണ്. ഗാർഹികതൊഴിലാളികൾക്ക് വേണ്ടിയുള്ള 189-ാം നമ്പർ കൺവെൻഷൻ ഉൾപ്പെടെ എല്ലാം എത്രയുംവേഗം പ്രാബല്യത്തിലാക്കുക എന്നതാണ് പുതിയ കേന്ദ്രസർക്കാരിന്റെ മുന്നിലുള്ള ചുമതല.

16. കെസിബിസി തൊഴിൽകാര്യകമ്മീഷന്റെ ഔദ്യോഗിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാമൂഹിക സന്നദ്ധസംഘടനയാണിത്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുംവേണ്ടി പ്രവർത്തിക്കുന്ന കെഎൽഎം-ന്റെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണതൊഴിലാളികൾ,





ഗാർഹികതൊഴിലാളികൾ, തയ്യൽതൊഴിലാളികൾ, ചെറുകിടതോട്ടം തൊഴിലാളികൾ, കർഷകതൊഴിലാളികൾ, മോട്ടോർവാഹനതൊഴിലാളികൾ എന്നിവർക്കായി ആറു തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മത്സ്യതൊഴിലാളികൾ, പീടികതൊഴിലാളികൾ എന്നിവർക്കുവേണ്ടിയുള്ള രണ്ട് തൊഴിലാളി ഫോറങ്ങൾ ഈ വർഷം പ്രവർത്തനം തുടങ്ങുന്നതാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ സാമൂഹിക സുരക്ഷാപദ്ധതികൾ തൊഴിലാളികളെ അംഗങ്ങളാക്കാൻ കെഎൽഎം മുൻകൈയെടുത്തു പ്രവർത്തിച്ചുവരുന്നു. ധാരാളം തൊഴിലാളികളെ കേന്ദ്രസർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെൻഷൻ പദ്ധതിയിലും അപകട ഇൻഷൂറൻസ് പദ്ധതിയിലും അംഗങ്ങളാക്കി മാറ്റാനും ആനുകൂല്യങ്ങൾ നേടിക്കൊടുക്കാനും കെഎൽഎം-ന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ സംസ്ഥാനസർക്കാരിന്റെ നേതൃത്വത്തിലുള്ള വിവിധ തൊഴിലാളിക്ഷേമപദ്ധതികളിലും തൊഴിലാളികളെ അംഗങ്ങളാക്കാൻ സാധിച്ചു.

17. കേരള കത്തോലിക്കാമെത്രാൻസമിതിയുടെ (കെസിബിസി) നിർദ്ദേശാനുസരണം സഭാസ്ഥാപനങ്ങളിലെ ശുശ്രൂഷികൾക്കും ജീവനക്കാർക്കുമായി കെഎൽഎം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹികസുരക്ഷാ പദ്ധതിക്ക് അനുകൂലമായ പ്രതികരണമാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാൻ അതിയായ സന്തോഷമുണ്ട്. എന്നാൽ, ഈ സാമൂഹിക സുരക്ഷാപദ്ധതിയുടെ ഗുണഭോക്താക്കളാകാത്ത നിരവധി സ്ഥാപനങ്ങൾ ഇനിയും ഉണ്ടെന്നു മനസ്സിലാക്കുന്നു. 2014 വർഷത്തിൽ തന്നെ എല്ലാ സഭാജീവനക്കാരിലേക്കും 'കെഎൽഎം സുരക്ഷ' വ്യാപിപ്പിക്കണം എന്നാണ് ആഗ്രഹിക്കുന്നത്. അതിനായി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

18. കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ തൊഴിൽചെയ്യുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്ക് ഐക്യരൂപം ഉണ്ടാകുന്നതിനുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (പിഎംപി) 2013 ഒക്ടോബർ 25-നു കെസിബിസി പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. ഈ നയരേഖ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ഇതു മൂലം സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഗുണനിലവാരം മെച്ചപ്പെടുന്നതാണ്. പിഎംപി നടപ്പിലാക്കുന്നതിനായി വേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപതകൾക്കും സന്ന്യാസസമൂഹങ്ങൾക്കും ലഭ്യമാക്കുന്നതിനായി കെസിബിസി ചുമതലപ്പെടുത്തിയിരിക്കുന്നത് കേരള ലേബർ മൂവ്മെന്റിനെയാണ്. കെഎൽഎം-ന് വേണ്ട എല്ലാ പിന്തുണയും നൽകുവാൻ ബന്ധപ്പെട്ടവരോട് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

19. കത്തോലിക്കാസഭയുടെ എല്ലാ സാമൂഹിക ശുശ്രൂഷകളെയുംപോലെ കെഎൽഎം-ന്റെ പ്രവർത്തനവും ജാതിമതങ്ങൾക്കതീതമായി എല്ലാ വിഭാഗം തൊഴിലാളികളെയും ലക്ഷ്യം വച്ചുകൊണ്ടുള്ളതാകുന്നു. കെഎൽഎം-ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലേക്കും വ്യാപിപ്പിക്കുകയും ശക്തമാക്കുകയും വേണം. അസംഘടിത തൊഴിലാളികളുടെ സേവനത്തിനായി എറണാകുളത്ത് കെഎൽഎം-ന്റെ നേതൃത്വത്തിൽ വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽനിന്നും അസംഘടിത തൊഴിലാളികൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ കെഎൽഎം-ന്റെ ഒത്താശയോടെ അവർക്ക് ലഭ്യമാക്കാൻ പരിശ്രമിക്കണം.

20. കെഎൽഎം-ന്റെ സംസ്ഥാനതലപ്രവർത്തനങ്ങൾക്കായി ഈ വർഷം ഒരു ഫണ്ട് ശേഖരണം നടത്തുന്നുണ്ട്. ഇതിന്റെ വിജയത്തിനായി എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

21. മേയ്ദിനത്തോടനുബന്ധിച്ച് ഇടവകകളിൽ തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ എന്നിവ നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ഒരിക്കൽക്കൂടി എല്ലാവർക്കും അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബിഷപ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

## CBCI XXXI PLENARY ASSEMBLY, February 05 – 12, 2014 – FINAL STATEMENT

### Renewed Church for a Renewed Society – Responding to the Call of Vatican II

**1.** We, the 187 member-bishops of the Catholic Bishops' Conference of India (CBCI), came together at the Alphonsian Pastoral Institute, Palai in Kerala, the place sanctified by St. Alphonsa, from February 5 -12, 2014, for the 31st Plenary Assembly. In continuation of the 30th Plenary Assembly's theme, Role of the Church for a Better India, the Bishops deliberated, under the guidance of the Holy Spirit, on the theme: "Renewed Church for a Renewed Society - Responding to the Call of Vatican II". On the 50th anniversary of the





Second Vatican Council (1962-1965), the CBCI Plenary Assembly reflected on this theme in the light of the Second Vatican Council documents in order to draw inspiration for her future course of life and ministry. We took into account the reflections of the Catholic Council of India which studied the same theme at its December 2013 annual meeting in Varanasi.

**2.** We first recalled the Church's self-understanding, enshrined in the Constitution on the Church, Lumen Gentium, as the pilgrim People of God, a community rooted in a deep experience of the Trinitarian God in Christ Jesus. Ad Gentes, reminds us that the Church is a community with a mission to evangelize, to proclaim the good news of Jesus to all, a mission entrusted to her by Jesus and the Spirit. The Church exercises her mission in a world marked by a tremendous imbalance: a few very rich and the vast majority poor struggling to eke out a living. The Document on the Church in the Modern World, Gaudium et Spes impels the members of the Church to an involvement in the struggles of suffering humanity based on the principles of respect for the human person, solidarity and effective social dialogue to bridge the gap between the rich and the poor. Finally, the Council document on the Laity, Apostolicam Actuositatem points out that the lay faithful, who form the vast majority in this People of God, have a specific role in society – that of penetrating and perfecting the temporal order in the spirit of the Gospel.

**3.** When we look at our country, we see corruption plaguing every sphere of society. In such a scenario, Church institutions must be an example of transparency and probity. Another phenomenon is that of internal migration which, while opening opportunities to people, has torn the cultural and religious moorings that sustained them. Globalization too has brought in its wake problems like prolonged working hours which have disrupted family life. We witness the trend to fundamentalism which seeks to dilute the secular character of our nation. Against this trend, we stand by the values upheld by the Indian Constitution and appeal to governments to respect these values.

**4.** The Church in India has tried to live up to the vision of Vatican II. Several people have been led to a deep experience of God through reading the Word of God, through the traditional practices of piety and through the Charismatic Movement. In many places Small Christian Communities, rooted in the Word and Eucharist have been established. "These communities are a sign of vitality within the Church, an instrument of formation and evangelization, and a solid starting point for a new society based on a 'civilization of love'" (Redemptoris Missio, 51). The Church has worked for the uplift of the downtrodden. She has been appreciated for the way she has responded immediately to natural calamities, for her unbiased outreach to the needy and vulnerable sections of society. Participatory structures have been established in several regions, dioceses and parishes. The 2010

CBCI Gender Policy has been hailed as a step in the right direction. Youth have experienced empowerment through training programs and services.

**5.** However, there is still need for improvement. The reflections of the Plenary Assembly centred chiefly on seven areas:

**5.i.** Fostering God Experience: What is needed is a deep experience of the Trinitarian God drawing on the treasures of the Church especially the Word and Sacraments. For this, our liturgies have to be well prepared, participative and meaningful. Hence, we have decided to initiate a renewal in the celebration of the liturgy so that it becomes an effective means for Christ-centred God experience. We bishops have to be ourselves Spirit-filled men of God, giving priority to prayer and to the Word of God, and helping our clergy and lay faithful to become aware of God's presence and activity in their lives. The God experience will lead to an inner conversion made visible in the simplicity of our lives, in our attitude of love, compassion and forgiveness. Following the example of Pope Francis, we will live a genuinely simple, humble, welcoming and outgoing life reaching out to all people. We will so orient the formation of future priests and religious that they enter the ministry with an attitude of humility, ready to serve the poor and marginalized of society.

**5.ii.** Addressing justice issues: The experience of God will lead us to involvement in and solidarity with the marginalized and the exploited, those suffering from disabilities, those living in the peripheries of economic, cultural and social spheres. We will speak out against all forms of injustice meted out to them and we will defend their rights. We listened to the call of Pope Francis urging us to "work to eliminate the structural causes of poverty and to promote the integral development of the poor." (Evangelii Gaudium, no. 188). We want the Church to be truly a Church of the Poor. We reaffirm our solidarity with the Dalits in India who continue to be oppressed. The CBCI reiterates its resolve to struggle for equal rights of Dalit Christians on par with their counterparts in other religions. We will continue the fight against the 1950 Presidential Order, which unjustly discriminates against Dalit Christians and we demand that the Government remove this 64 year injustice. Justice delayed is justice denied. We also commit ourselves to rooting out all forms of discrimination within the Church and ensuring equal opportunities in leadership roles for Dalit Christians.

**5.iii.** Ensuring for our lay faithful their rightful place: Recognizing the God-given talents and potentialities of the lay faithful, we will, in the first place, listen more to their voice. Hence, we commit ourselves to establish Pastoral Councils in every diocese. We realize that formation of the lay faithful is the need of the hour. To this end, we commit ourselves, as a priority, to initiate programmes for lay formation to equip them to play their role in the Church and society.





**5.iv.** Stamping out Discrimination against Women. We commit ourselves to strive for the equal dignity of and equal opportunities for women, providing especially equal opportunities for the education of the girl child. We wholeheartedly support the campaign against female foeticide and domestic violence. In the face of increasing sexual abuse and violence in Indian society, we will do all in our power to enforce discipline so as to ensure a secure environment in our institutions for women and children.

**5.v..** Creating a Christian presence in political and public life. We depend in a special way on our youth, the future leaders of the Church and society. As bishops we realize much more needs to be done for them. We want to embark on intensive programmes for them to enter into the mainstream of public life so as to ensure value-based politics. Hence, we request every region to set up, wherever possible, training centres to prepare the youth for leadership roles in civic and political life.

**5.vi.** Promoting Dialogue. India is home to a rich variety of ancient cultures and religions. The Church in India has to be a Church in dialogue. We urge our lay faithful to engage in the "dialogue of life", mingling with our brothers and sisters of other religious traditions, greeting them on their feast days and being with them in life's vulnerable moments such as sickness and death. Besides strengthening the already existing Small Christian Communities, we will seek to establish Basic Human Communities which would be a powerful means for communal peace and harmony.

**5.vii.** Safeguarding Ecology. The Bishops re-affirm their commitment to the protection of nature. We stand for sustainable development of peoples and human ecology. The CBCI Plenary Assembly shares the apprehensions of people living in the Western Ghats and in the areas affected by the 2011 Notification of the Ministry of Environment on the Coastal Regulation Zone. We appeal to the Union Government to protect the civic rights of the inhabitants in areas adversely affected by the proposals of the Madhav Gadgil and Kasturirangan Reports. The CBCI also shares the similar concerns of the tribal population in Chhattisgarh, Odisha, Madhya Pradesh and Jharkhand fast coming under mining projects.

**6.** The road ahead of us is challenging. But we count on the presence of the Risen Lord who, through the power of His Spirit, "makes all things new" (Rev. 21:5). All renewal is always the work of the Spirit. We place our efforts at renewing the Church in view of renewing society in the hands of Mary, our Mother, the Star of Evangelization.

**Fr. Joseph Chinnayyan**
Deputy Secretary General &Spokesperson, CBCI



# 2014 BISHOP'S Engagements

**2014 APRIL**

| | |
|---|---|
| 3-4 | Mount St. Thomas, Kakkanad |
| 5 | Meeting, POC, Palarivattam |
| 6 | Meeting, Pastoral Centre |
| 8 | St. Mary's Minor Seminary, Kallepully |
| 10 | Meeting, PACS, Irinjalakuda |
| 13 | Palm Sunday, Cathedral |
| 14 | Chrism Mass, Cathedral |
| 17 | Maundy Thursday, Cathedral |
| 18 | Good Friday, Cathedral |
| 19 | Holy Saturday, Cathedral |
| 20 | Easter, Cathedral |
| 21 | S.H. Church, Valamangalam |
| 23 | St. Thomas Church, Palakkuzhi |
| PM | St. Joseph Forane Church, Olavakkode |
| 25 | Jubilee, Seraphic Provincial House |
| 26- May 6 | Rome |








**സൈത്ത് വെഞ്ചിരിപ്പ്**

ഈ വർഷത്തെ സൈത്ത് വെഞ്ചിരിപ്പിന്റെ തിരുക്കർമ്മങ്ങൾ ഏപ്രിൽ 14-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10.30ന് പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽവച്ച് നടത്തപ്പെടുന്നു. അന്നത്തെ ധ്യാനത്തിലും സമൂഹബലിയിലും രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്.

**മാസധ്യാനം**

ഏപ്രിൽ മാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോനകളിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്.

**നിത്യാരാധന കപ്പേള**

വലിയ ആഴ്ച ആയതിനാൽ ഏപ്രിൽ 16 ബുധനാഴ്ച മുതൽ 21 തിങ്കളാഴ്ച വരെ നിത്യാരാധന കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

**പെസഹാവ്യാഴം പിരിവ്**

സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി നമ്മുടെ ഇടവകകളിൽ നിന്നും പെസഹാവ്യാഴാഴ്ച നൽകാറുള്ള സംഭാവനയെപ്പറ്റി ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിച്ച് ലഭിക്കുന്ന തുക മെയ് 31ന് മുമ്പായി രൂപതാകാര്യാലയത്തിൽ ഏല്പ്പിക്കണം. രൂപതയിലെ എല്ലാ സ്ഥാപനങ്ങളും ഇതിൽ ഉദാരമായി സഹകരിക്കേണ്ടതാണ്.

**ഓഡിറ്റിംഗ്**

പള്ളിക്കണക്ക് രൂപതാകാര്യാലയത്തിൽ ഓഡിറ്റ് ചെയ്യണമെന്നുള്ളവർ അനുബന്ധപുസ്തകങ്ങളും റെക്കോർഡുകളും 2014 മെയ് 22 നു മുമ്പ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. വാർഷിക തെരട്ടിനൊപ്പം, പള്ളി ഭൂസ്വത്തുകളുടെ കരം അടച്ച രസീതും നിർബന്ധമായും കൊണ്ടുവരണം.

**തുടർപരിശീലനം**

മെയ് 21, 22 തിയ്യതികളിലെ ത്രൈമാസ സമ്മേളനത്തിനുപകരം 2007 മുതൽ 2014 വരെ വർഷങ്ങളിൽ പട്ടം സ്വീകരിച്ച ബഹു. വൈദികർക്കുവേണ്ടി തുടർപരിശീലന ക്ലാസ്സ് ബിഷപ് ഹൗസിൽവെച്ച് നടത്തുന്നതാണ്. മെയ് 21ന് വൈകിട്ട് 4 മണിമുതൽ രാത്രി 8 മണിവരെയും 22 ന് രാവിലെ 9 മണിമുതൽ 1 മണിവരെയുമുള്ള ക്ലാസ്സിൽ മേൽ സൂചിപ്പിച്ച വർഷങ്ങളിലെ എല്ലാ വൈദികരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**വിശപ്പിനും രോഗത്തിനുമെതിരെ**

വിശപ്പിനും രോഗത്തിനുമെതിരെ കാരിത്താസ് ഇന്ത്യയുടെ കൂട്ടായ യജ്ഞത്തിൽ നമുക്കും പങ്കുചേരാം. "നോമ്പ് അനുഷ്ഠാനം സഹജീവിത ഉന്നമനത്തിന്" (മാർച്ച് ബുള്ളറ്റിൻ പേജ് 36) എന്ന നോമ്പുകാല സന്ദേശത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും ഇടവകകളുടെയും നോമ്പുകാല പരിത്യാഗകാഴ്ച മെയ് 31ന് മുമ്പ് പി.എസ്.എസ്.പി. ഓഫീസിൽ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**Appointment**

**റവ. ഫാ. സജി പനപ്പറമ്പിൽ :** വികാരി, സെന്റ് ജോസഫ് ചർച്ച്, ജോസ്ഗിരി, w.e.f. 16 February 2014

**റവ. ഫാ. ഫ്രാൻസിസ് തോട്ടങ്കര :** Priests' Home, on sick leave





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 11-May-14 | THU | Rev. Fr. Malekudiyil Sherjo |
| 2-May-14 | FRI | Rev. Fr. Maliekal George |
| 3-May-14 | SAT | Rev. Fr. Mangalan Sebastian |
| 5-May-14 | MON | Rev. Fr. Maramattam Xavier |
| 6-May-14 | TUE | Rev. Fr. Mavarayil Shijo |
| 7-May-14 | WED | Rev. Fr. Mavunkal Jacob |
| 8-May-14 | THU | Rev. Fr. Mechery Anson |
| 9-May-14 | FRI | Rev. Fr. Mundaplackal Sanoj |
| 10-May-14 | SAT | Rev. Fr. Murickananickal Santhosh |
| 12-May-14 | MON | Rev. Fr. Muringakudiyil Biju |
| 13-May-14 | TUE | Rev. Fr. Naduvathaniyil Shyju |
| 14-May-14 | WED | Rev. Fr. Nedumpurath Antony |
| 15-May-14 | THU | Rev. Fr. Olakkengil Viani |
| 16-May-14 | FRI | Rev. Fr. Ollukaran Vincent |
| 17-May-14 | SAT | Rev. Fr. Palathinkal Abraham |
| 19-May-14 | MON | Rev. Fr. Pallineerakkal Jaimon |
| 20-May-14 | TUE | Rev. Fr. Panapparambil Saji |
| 21-May-14 | WED | Rev. Fr. Parayil Jijo |
| 22-May-14 | THU | Rev. Fr. Perumattil Antony |
| 23-May-14 | FRI | Rev. Fr. Perumbillil George |
| 24-May-14 | SAT | Rev. Fr. Plathottathil Biju |
| 26-May-14 | MON | Rev. Fr. Plathottathil Jinse |
| 27-May-14 | TUE | Rev. Fr. Ponkattil Binu |
| 28-May-14 | WED | Rev. Fr. Ponmani Jose |
| 29-May-14 | THU | Rev. Fr. Potteparambil Jose |
| 30-May-14 | FRI | Rev. Fr. Pulickathazhe Raju |
| 31-May-14 | SAT | Rev. Fr. Pulikottil Joshy |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**റീ. എക്സാമിനേഷൻ**

II HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **ഏപ്രിൽ 6-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. ഏപ്രിൽ 7-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

10-ാം ക്ലാസ്സിന്റെ റീ എക്സാം മെയ് 4-ാം തീയതി നടത്തപ്പെടുന്നു. മെയ് 5-ാം തീയതി തിങ്കളാഴ്ച്ച തന്നെ ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതത് ഫൊറോനകളുടെ വിഷൻ ക്യാമ്പ് സമാപിക്കുമ്പോൾ റിസൾട്ട് നൽകുന്നതാണ്. റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ ഏപ്രിൽ 28-ാം തീയതിക്ക് മുമ്പായി മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV, VII, X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ പരീക്ഷ **ഏപ്രിൽ 12-ാം തിയ്യതി ശനിയാഴ്ചയാണ്.** ഫൊറോന വിശ്വാസ പരിശീലന ഡയറക്ടറുടെ നേതൃത്വത്തിലായിരിക്കും പരീക്ഷ നടത്തുന്നത്. സമയം രാവിലെ 10 മുതൽ 12.30 വരെ. ഉത്തരക്കടലാസുകൾ ഏപ്രിൽ 14 ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പഠനഭാഗം**

**ക്ലാസ്സ് VII, X** : പാഠപുസ്തകം - 65 മാർക്ക്, ബൈബിൾ - 25 മാർക്ക് (ലേവ്യർ 1-14, ലൂക്കാ 1-12 അദ്ധ്യായങ്ങൾ), അതതു ക്ലാസ്സുകൾക്ക് പഠിക്കാൻ നൽകിയിട്ടുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനഭാഗം **(ഇതാണ് ഈ വർഷം പൊതുവിജ്ഞാന വിഭാഗത്തിൽ ചോദിക്കുന്നത്).**

**ക്ലാസ്സ് IV** : പാഠപുസ്തകം, നമസ്ക്കാരം - 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | ചിറ്റിലഞ്ചേരി പാരിഷ്ഹാൾ |
| ഒലവക്കോട് ഫൊറോന | സെന്റ് തോമസ് സ്കൂൾ ഒലവക്കോട് |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |





**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 27 ാംതിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി **പാസ്റ്ററൽ സെന്ററിൽ** വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഏപ്രിൽ 2,3 | താവളം ഫൊറോന(സ്ഥലം: താവളം പാരിഷ് ഹാൾ) |
| ഏപ്രിൽ 4,5 | വടക്കഞ്ചേരി ഫൊറോന |
| ഏപ്രിൽ 7,8 | പാലക്കാട് ഫൊറോന |
| ഏപ്രിൽ 10,11 | ഒറ്റപ്പാലം ഫൊറോന |
| ഏപ്രിൽ 22,23 | ഒലവക്കോട്, തത്തമംഗലം ഫൊറോനകൾ |
| ഏപ്രിൽ 25,26 | പൊന്നംകോട് ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 200 രൂപയാണ് രജി. ഫീസ്.

**ഫോറോന കൗൺസിൽ സ്ഥലവും തിയ്യതിയും**

ഫൊറോനാതലത്തിൽ കൗൺസിലുകൾ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും വികാരി, HM, Secretary എന്നിവരാണ് ഫൊറോന കൗൺസിലിൽ സംമ്പന്ധിക്കേണ്ടത്. കൗൺസിലുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഏപ്രിൽ 05 ശനി | താവളം ഫൊറോന<br>(2.00 pm to 4.00 pm, ഫൊറോന പള്ളി) |
| ഏപ്രിൽ 12 ശനി | പാലക്കാട് ഫൊറോന<br>(10.00 am to 12.00 pm, പാസ്റ്ററൽ സെന്റർ)<br>ഒലവക്കോട് ഫൊറോന<br>(2.00 pm to 4.00 pm, ഫൊറോന പള്ളി) |

**റെഗുലർസ്കൂൾ സ്കോളർഷിപ്പ് കേന്ദ്രീകൃത മൂല്യനിർണ്ണയം**

റെഗുലർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യ നിർണ്ണയം ഏപ്രിൽ 11–ാം തിയ്യതി വെള്ളിയാഴ്ച **10.00 am** മുതൽ **4.00 pm** വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**സ്ക്കൊളാസ്റ്റിക് ടെസ്റ്റ് 2013–14 പരീക്ഷാ ഫലം**

| | | |
|---|---|---|
| I–ാം റാങ്ക് | മേരിക്കുട്ടി ജോസഫ് | പൂഞ്ചോല |
| II–ാം റാങ്ക് | സി. ക്ലയർ എം ജെ എൽ | ചിറ്റിലഞ്ചേരി |
| III–ാം റാങ്ക് | മേരി മാത്യു | വാൽക്കുളമ്പ് |

**ഫൊറോനതല വിജയികൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ | ആൻസി സിബി (കാഞ്ഞിരപ്പുഴ ഡാം) |
| മംഗലംഡാം | ജെൽസ ഷിജു (നീതിപുരം) |
| മണ്ണാർക്കാട് | ജെസ്സി ജോണി (തിരുവിഴാംകുന്ന്) |
| മേലാർക്കോട് | സെലിൻ സെബാസ്റ്റ്യൻ (ചിറ്റിലഞ്ചേരി) |
| ഒലവക്കോട് | സോഫിയാമ്മ ബാബു (സെന്റ് ജൂഡ് മലമ്പുഴ) |
| ഒറ്റപ്പാലം | ഷീല ജോസ് (ഷൊർണ്ണൂർ) |
| പാലക്കാട് | റോസി ഔസേപ്പ് (കത്തീഡ്രൽ) |
| പൊന്നംകോട് | സി.ഷാന്റി OSF (അരപ്പാറ) |
| തത്തമംഗലം | ഷീജ ജിമ്മി (ചിറ്റൂർ, പാലക്കാട്) |
| താവളം | സി. കാർമ്മെൽ CMC (താവളം) |
| വടക്കഞ്ചേരി | സെലിൻ ടോം (തച്ചനടി) |

## Scholastic Test 2013-14 Answer Key

1. മിസ്തേരിയോൺ
2. കൈമാറുക
3. പ്രാവചകൻമാർ വഴി
4. സഭ ആധുനികലോകത്തിൽ
5. സഹോദരതുല്യം
6. മാഡ്രിഡിൽ





7. ക്രിസ്തീയ ജീവിതരൂപീകരണം
8. വി. അഗസ്റ്റിൻ
9. 1965 Dec 7
10. ഉപവി
11. നിരന്തരം സഭയെ വിശുദ്ധീകരിക്കുക
12. വിശ്വാസം
13. ഗ്രീക്കുഭാഷ
14. ദിവ്യബലിയിൽ
15. സാമൂഹ്യജീവി
16. സമർപ്പിതരുടെ വർഷം
17. ദേവസഹായം പിള്ള
18. എലിസബത്ത്
19. ദൈവരാജ്യനിർമ്മിതിയിലേക്ക്
20. പ്രാർത്ഥിക്കുന്ന കുടുംബങ്ങൾ
21. മനുഷ്യൻ
22. വി. പോളികാർപ്പ്
23. ജെ. ആർ. ഗയിസൻമാൻ
24. ക്രിസ്തു
25. ഇസ്രായേൽ ജനത
26. വി. ലിഖിതങ്ങൾ
27. വി. കുർബ്ബാന സ്വീകരിക്കുമ്പോൾ
28. പ്രസാദവരത്താൽ
29. അപ്പസ്തോലിക് ന്യൂൺഷിയോ
30. മഹാത്മാഗാന്ധി
31. ദൈവാവിഷ്കരണം
32. നിയമാവർത്തനം
33. 37
34. പരിശുദ്ധാത്മാവിന്റെ
35. റോമാ മാർപാപ്പ
36. ദൈവാവിഷ്കരണം വഴി
37. വി. ലിഖിതത്തിൽ നിന്ന്
38. പരിശുദ്ധാത്മാവിലൂടെ
39. സ്നേഹത്തിന്റെ അരൂപി
40. സത്യത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട്
41. വാ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
42. കൗദാശിക ജീവിതം
43. എഫേസോസ് 6:4
44. തിരുസിംഹാസനത്തിന്റെ
45. വി. ലിഖിതങ്ങളിൽ
46. ജ്ഞാനസ്നാനത്തിലൂടെ
47. കൂദാശകൾ
48. വചനത്തിലൂടെ
49. ഹൃദയപരിവർത്തനം
50. ഉത്തമമനുഷ്യനായി
51. ക്ഷമയും സമാശ്വാസവും
52. യേശുക്രിസ്തുവിൽ
53. സ്വർഗ്ഗീയ ആരാധന
54. വിശ്വാസപ്രമാണം
55. മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ബെസേലിയൂസ് ക്ലീമിസ്
56. കുടുംബത്തിലൂടെ
57. ഏലി
58. 1 കൊറി. 6:20
59. അധ്വാനം ദൈവത്തിന് സമർപ്പിക്കുന്നതുവഴി
60. പ്രവാചകന്മാർ
61. ഡീക്കന്മാർ
62. ഭൂമിയിൽ
63. വി. ഗ്രന്ഥത്തിന്
64. കുടുംബം
65. പിതാവായ ദൈവം
66. കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം
67. ബഞ്ചമിൻ
68. രക്ഷകനായ മിശിഹായെ സ്വന്തമാക്കലാണ്
69. കർദ്ദിനാൾ സ്യൂനൻസ്
70. പരി. മറിയം
71. തിരുസഭയുടെ
72. മെത്രാൻ
73. ദൈവവചനം
74. ത്രെന്തോസ് സൂനഹദോസ്
75. സഭ
76. നിയമസംഹിത

77. സമ്മേളനം
78. പരി.കുർബ്ബാന
79. സ്ഥൈര്യലേപനം
80. പന്ത്രണ്ടാം പീയൂസ്
81. യാമപ്രാർത്ഥന
82. സെലസ്റ്റിൻ പാപ്പ
83. സമാധാനം
84. ദൈവവചനം
85. അടയാളങ്ങളായതുകൊണ്ട്
86. മെത്രാൻമാർ
87. ജോൺ 23-ാമൻ
88. A D 4-ാം നൂറ്റാണ്ട്
89. സഭ
90. അപ്പസ്തോലന്മാരിൽ
91. സുവിശേഷങ്ങൾ
92. സ്നേഹം
93. വി. ജറോം
94. ദൈവാരൂപി
95. ലാളിത്യം
96. പാരമ്പര്യം വഴി
97. വി. ഗ്രന്ഥത്തിലൂടെ
98. കുടുംബത്തെ
99. അപ്പസ്തോലിക്കോ റിക്ക്വയറന്റേ
100. വി. അബ്രോസ്
101. Youcat Question No. 346
102. Youcat Question No. 361
103. Youcat Question No. 461

**II HDC പരീക്ഷാഫലം 2013-2014**

| ഇടവക | പരീക്ഷ എഴുതിയവർ | പാസ്സായവർ | ഡിസ്റ്റിംഗ്ഷൻ | ഫസ്റ്റ് ക്ലാസ് | ശതമാനം |
|---|---|---|---|---|---|
| **കാഞ്ഞിരപ്പുഴ ഫൊറോന** | | | | | |
| കാഞ്ഞിരപ്പുഴ | 25 | 24 | 1 | 12 | 96 |
| ചീനിക്കപ്പാറ | 10 | 10 | 1 | 6 | 100 |
| ഇരുമ്പകച്ചോല | 9 | 9 | – | 3 | 100 |
| കാഞ്ഞിരപ്പുഴ ഡാം | 12 | 10 | 2 | 2 | 83 |
| പാലക്കയം | 16 | 13 | 2 | 2 | 81 |
| പൂഞ്ചോല | 4 | 4 | 3 | – | 100 |
| വിമലഗിരി | 6 | 6 | – | 4 | 100 |
| **മംഗലംഡാം ഫൊറോന** | | | | | |
| മംഗലംഡാം | 18 | 17 | 4 | 7 | 94 |
| മരിയനഗർ ചിറ്റടി | 7 | 7 | 1 | 4 | 100 |
| മേരിലാന്റ് ചിറ്റടി | 3 | 3 | 1 | 2 | 100 |
| ഇളവംപാടം | 7 | 7 | 2 | 5 | 100 |
| കടപ്പാറ | 3 | 3 | – | 2 | 100 |
| കൈറാടി | 5 | 5 | 1 | 1 | 100 |
| മാങ്കുറിശ്ശി | 6 | 5 | 2 | – | 83 |
| ഓടംന്തോട് | 2 | 2 | – | – | 100 |
| ഒലിപ്പാറ | 14 | 14 | 1 | 12 | 100 |
| പൊൻകണ്ടം | 6 | 6 | 1 | 4 | 100 |





| | | | | | |
|---|---|---|---|---|---|
| **മണ്ണാർക്കാട് ഫൊറോന** | | | | | |
| മണ്ണാർക്കാട് | 31 | 29 | 3 | 9 | 94 |
| അലനല്ലൂർ | 4 | 4 | – | 3 | 100 |
| എടത്തനാട്ടുകര | 7 | 7 | – | 4 | 100 |
| കൈതച്ചിറ | 6 | 6 | – | 3 | 100 |
| കണ്ടമംഗലം | 4 | 4 | – | 3 | 100 |
| കാരാപ്പാടം | 14 | 14 | 1 | 5 | 100 |
| കോട്ടപ്പുറം | 7 | 7 | – | 4 | 100 |
| പുല്ലിശ്ശേരി | 4 | 4 | – | 1 | 100 |
| ശ്രീകൃഷ്ണപുരം | 8 | 7 | 1 | 2 | 88 |
| തിരുവിഴാംകുന്ന് | 2 | 2 | 1 | – | 100 |
| **മേലാർക്കോട്ഫൊറോന** | | | | | |
| മേലാർക്കോട് | 9 | 9 | – | 8 | 100 |
| ആലത്തൂർ | 7 | 7 | – | 4 | 100 |
| ചിറ്റിലഞ്ചേരി | 3 | 3 | – | 2 | 100 |
| നെല്ലിയാമ്പതി | 2 | 2 | – | 2 | 100 |
| നെന്മാറ | 9 | 8 | 2 | 1 | 89 |
| പോത്തുണ്ടി | 3 | 3 | 1 | 2 | 100 |
| **ഒലവക്കോട്ഫൊറോന** | | | | | |
| ഒലവക്കോട് | 16 | 16 | 2 | 9 | 100 |
| ധോണി | 4 | 4 | – | 3 | 100 |
| സെന്റ് ജൂഡ് മലമ്പുഴ | 9 | 7 | 2 | 2 | 78 |
| സൗത്ത് മലമ്പുഴ | 1 | 1 | – | 1 | 100 |
| മരിയ നഗർ മലമ്പുഴ | 4 | 4 | – | 2 | 100 |
| മൈലംപുള്ളി | 17 | 17 | 3 | 3 | 100 |
| മുണ്ടൂർ | 8 | 8 | – | 8 | 100 |
| ഞാറക്കോട് | 3 | 3 | – | 2 | 100 |
| പുലാപ്പറ്റ | 17 | 16 | 2 | 4 | 94 |
| **ഒറ്റപ്പാലം ഫൊറോന** | | | | | |
| ഒറ്റപ്പാലം | 11 | 10 | – | 2 | 91 |
| ആലങ്ങാട് | 5 | 5 | – | 2 | 100 |
| കടമ്പഴിപ്പുറം | 11 | 8 | – | 3 | 73 |
| കടമ്പൂർ | 14 | 13 | 2 | 9 | 93 |
| കേരളശ്ശേരി | 8 | 8 | 4 | 3 | 100 |
| കൂനത്തറ | 4 | 4 | – | 2 | 100 |
| കുളക്കാട്ടുക്കുറുശ്ശി | 7 | 6 | – | 3 | 86 |
| മലയകം | 3 | 3 | – | 1 | 100 |
| പാലപ്പുറം | 9 | 8 | 2 | 1 | 89 |

| | | | | | |
|---|---|---|---|---|---|
| പട്ടാമ്പി | 5 | 4 | – | 1 | 80 |
| ഷൊർണൂർ | 5 | 5 | – | 2 | 100 |
| **പാലക്കാട് ഫൊറോന** | | | | | |
| കത്തീഡ്രൽ | 20 | 19 | 1 | 10 | 95 |
| ചന്ദ്രനഗർ | 17 | 16 | – | 4 | 94 |
| കല്ലേക്കാട് | 3 | 3 | – | 2 | 100 |
| കല്ലേപ്പുള്ളി | 2 | 2 | – | – | 100 |
| കഞ്ചിക്കോട് | 6 | 6 | 2 | 3 | 100 |
| കൊടുന്തിരപ്പുള്ളി | 5 | 5 | 2 | 1 | 100 |
| കോട്ടായി | 1 | 1 | – | 1 | 100 |
| ടൗൺചർച്ച് | 7 | 7 | – | – | 100 |
| വാളയാർ | 3 | 3 | – | 2 | 100 |
| കല്ലേപ്പുള്ളി സെമിനാരി | 11 | 11 | 7 | 4 | 100 |
| **പൊന്നങ്കോട് ഫൊറോന** | | | | | |
| പൊന്നംങ്കോട് | 26 | 23 | 3 | 12 | 88 |
| അരപ്പാറ | 4 | 2 | – | – | 50 |
| ചുള്ളിയാംകുളം | 7 | 6 | – | 3 | 86 |
| കല്ലടിക്കോട് | 9 | 9 | – | 4 | 100 |
| കാരാക്കുറിശ്ശി | 10 | 9 | 1 | 2 | 90 |
| കരിമ്പ | 12 | 11 | – | 5 | 92 |
| നിരവ് | 1 | 1 | – | 1 | 100 |
| പൊമ്പ്ര | 9 | 9 | – | 5 | 100 |
| **തത്തമംഗലം ഫൊറോന** | | | | | |
| തത്തമംഗലം | 4 | 4 | – | 4 | 100 |
| ചിറ്റൂർ, പാലക്കാട് | 6 | 6 | 2 | 2 | 100 |
| കൊടുവായൂർ | 1 | 1 | – | 1 | 100 |
| കൊല്ലങ്കോട് | 4 | 3 | – | 2 | 75 |
| കൊഴിഞ്ഞാമ്പാറ | 4 | 4 | – | 1 | 100 |
| മൂച്ചംകുണ്ട് | 2 | 2 | 2 | – | 100 |
| പരുത്തിക്കാട് | 2 | 2 | 2 | – | 100 |
| **താവളം ഫൊറോന** | | | | | |
| താവളം | 9 | 9 | 3 | 3 | 100 |
| അഗളി | 10 | 10 | 2 | 5 | 100 |
| ചിറ്റൂർ | 6 | 6 | 1 | 2 | 100 |
| ജെല്ലിപ്പാറ | 12 | 12 | 1 | 6 | 100 |
| കാരറ | 9 | 7 | 3 | 1 | 78 |
| കോട്ടത്തറ | 14 | 13 | 2 | 6 | 93 |
| കുറവമ്പാടി | 3 | 3 | – | 1 | 100 |





| | | | | | |
|---|---|---|---|---|---|
| പുലിയറ | 3 | 3 | – | 2 | 100 |
| ഷോളയൂർ | 2 | 2 | – | 2 | 100 |
| ത്രിത്വമല | 8 | 8 | – | 4 | 100 |
| ഉണ്ണിമല | 1 | 1 | – | 1 | 100 |
| വയലൂർ | 8 | 8 | – | 5 | 100 |
| **വടക്കഞ്ചേരി ഫൊറോന** | | | | | |
| വടക്കഞ്ചേരി | 31 | 31 | 4 | 15 | 100 |
| ആരോഗ്യപുരം | 22 | 20 | 2 | 4 | 91 |
| ജോസ്ഗിരി | 2 | 2 | – | – | 100 |
| പാടൂർ | 2 | 2 | 2 | – | 100 |
| പാലക്കുഴി | 11 | 10 | 3 | 6 | 91 |
| പന്തലാംപാടം | 10 | 10 | 1 | 2 | 100 |
| രാജഗിരി | 11 | 11 | 2 | 4 | 100 |
| തച്ചനടി | 9 | 9 | – | 2 | 100 |
| വചനഗിരി | 3 | 3 | – | 2 | 100 |
| **സേലം** | | | | | |
| സേലം | 3 | 3 | – | 2 | 100 |

| | |
|---|---|
| പരീക്ഷ എഴുതിയവർ | 799 |
| പാസായവർ | 760 |
| തോറ്റവർ | 39 |
| ഡിസ്റ്റിംഗ്ഷൻ | 95 |
| ഫസ്റ്റ് ക്ലാസ് | 328 |

### രൂപതാ മതബോധന കൗൺസിൽ

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 26-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

### റെഗുലർ സ്കൂൾ സംയുക്തമീറ്റിംഗ്

റെഗുലർ സ്കൂൾ കൗൺസിൽ മെമ്പർമാരുടെയും പ്രധാന അധ്യാപകരുടെയും സംയുക്തമീറ്റിംഗ് ഏപ്രിൽ 26-ാം തിയ്യതി ശനിയാഴ്ച 2 pm മുതൽ 4 pm വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. കഴിഞ്ഞ അധ്യയന വർഷത്തെ വിലയിരുത്തുന്നതിനോടൊപ്പം പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയെന്നതും കൗൺസിലിന്റെ ലക്ഷ്യമാണ്.എല്ലാ പ്രധാന അധ്യാപകരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# സ്റ്റാർസ്

Blogspot: starspalghat.blogspot.in

2014-15 ലേക്കുള്ള സ്റ്റാർസിന്റെ അവസാനഘട്ട സെലക്ഷനുള്ള ഇന്റർവ്യൂ ഏപ്രിൽ 12ന് നടക്കുന്നു. പ്രസ്തുത ഇന്റർവ്യൂവിലേക്ക് സ്റ്റാർസിന്റെ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശമനുസരിച്ച് ബഹു. വികാരിയച്ചൻമാർ കുട്ടികളെ പറഞ്ഞയക്കുമല്ലോ.

**സ്റ്റാർസ് ഇന്റൻസീവ് കോഴ്സസ്**

ആദ്യബാച്ചിനുള്ള ഇന്റൻസീവ് കോഴ്സ് ഏപ്രിൽ മാസത്തിൽ രണ്ട് ഘട്ടമായിട്ടാണ് നടത്തപ്പെടുന്നത്; ഏപ്രിൽ 7 മുതൽ 12 വരെ ആദ്യഘട്ടവും ഏപ്രിൽ 21 മുതൽ 26 വരെ രണ്ടാംഘട്ടവും.

അതുപോലെതന്നെ സ്റ്റാർസ് രണ്ടാംബാച്ചിനും രണ്ടുഘട്ടങ്ങളിലായിട്ടാണ് ഇന്റൻസീവ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. ആദ്യഘട്ടം മെയ് 5 മുതൽ 12 വരെയും രണ്ടാംഘട്ടം മെയ് 14 മുതൽ 17 വരെയുമാണ്.

**രണ്ട് ബാച്ചിനും അവരുടെ കോഴ്സുകൾ (രണ്ടുഘട്ടത്തിലും) ആരംഭ ദിനം രാവിലെ 9.30ന് ആരംഭിച്ച് അവസാനദിനത്തിൽ വൈകുന്നേരം 3.30ന് സമാപിക്കുന്നു.**

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

# ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2014**

ഈ വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 28-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 29-നും ആയിരിക്കും.

**പഠനഭാഗം**

ലേവ്യർ 15-27, ലൂക്കാ 13-24, യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്





# അൾത്താരസംഘം

Blogspot: abapalghat.blogspot.in

**പ്രിയ അൾത്താരസംഘാംഗങ്ങളെ,**

പരീക്ഷകഴിഞ്ഞ് അവധിക്കാലത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ തീക്ഷ്ണതയോടും സന്തോഷത്തോടുംകൂടെ ഒരു നല്ല അൾത്താരബാലനായിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. അതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

- അവധിക്കാലത്ത് വി. കുർബാനയിൽ പങ്കെടുക്കുവാനും വി. കുർബാന സ്വീകരിക്കുവാനും പരിശ്രമിക്കുക. പ്രത്യേകം ഒരുങ്ങിവേണം പരി. കുർബാനയിൽ സംബന്ധിക്കാൻ. ഓരോ ദിവസവും സമർപ്പിക്കാൻ നിയോഗങ്ങൾ ഉണ്ടാകേണ്ടതാണ്.
- കൂടുതൽ ഭക്തിയോടും വിശ്വാസത്തോടുംകൂടെ അൾത്താരയിൽ തിരുക്കർമ്മങ്ങളിൽ ശുശ്രൂഷിക്കുക.
- നിങ്ങളോടൊപ്പം കൂട്ടുകാരെകൂടി വി. കുർബാനയിൽ സംബന്ധിക്കുവാൻ ക്ഷണിക്കുക.
- നിങ്ങളും നിങ്ങളുടെ കുടുംബാംഗങ്ങളും പുലർച്ചെയുള്ള ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുക. മറ്റുള്ളവരെ അതിന് പ്രോത്സാഹിപ്പിക്കുക.
- ബൈബിൾ വായനയിലൂടെയും സൽക്രിയകളിലൂടെയും ക്രിസ്താനുഭവത്തിൽ വളരുക.
- വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ നേരത്തെതന്നെ മനസ്സിലാക്കുകയും അവ പരിശീലിക്കുകയും ചെയ്യുക.
- പുതിയസംഘാംഗങ്ങൾക്ക് വ്യക്തവും കൃത്യവുമായ പരിശീലനം വികാരിയച്ചന്റെയും ആനിമേറ്ററുടെയും സഹായത്തോടെ നൽകുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

# ചെറുപുഷ്പ മിഷൻ ലീഗ്

**പ്രിയ കുഞ്ഞുമിഷനറിമാരെ,**

ഉയിർപ്പുതിരുനാളിനൊരുക്കമായ വലിയ നോമ്പിന്റെ വിശുദ്ധീകരണ ദിനങ്ങളിലൂടെയാണല്ലോ നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. നാല്പത് ദിന

രാത്രങ്ങളിലെ പ്രാർത്ഥനയും ഉപവാസവും വഴി ഈശോ സാത്തന്റെ പരീക്ഷണങ്ങളെ അതിജീവിച്ചതുപോലെ ഈ അമ്പത് നോമ്പിന്റെ ചൈതന്യമുൾക്കൊണ്ട് വിശ്വാസത്തെ അതിന്റെ തീക്ഷണതയിൽ പ്രഘോഷിക്കാൻ ഓരോ കുഞ്ഞുമിഷനറിമാർക്കും കഴിയണം. ഈ അവധിക്കാലം വെറുതെ അലസമായി ചിലവഴിക്കാതെ നമ്മുടെ ചുറ്റുമുള്ളവരിൽ അർഹരായവർക്ക് നമ്മളാൽ കഴിയുന്ന സഹായം എത്തിക്കാൻ നമുക്കു പരിശ്രമിക്കാം. ഏവർക്കും ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ

സംഘടനയുടെ തുടർപ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**ഏപ്രിൽ :3 വ്യാഴം:**ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ചരമവാർഷികം

: 12 ശനി :ഡയറക്ടേഴ്സ് & വൈസ് ഡയറക്ടേഴ്സ് സംഗമം

: 13 ഞായർ : ഓശാന - വിശുദ്ധവാരം

: 17 വ്യാഴം : പെസഹാ വ്യാഴം

: 18 വെള്ളി : ദു:ഖവെള്ളി

: 19 ശനി : ദു:ഖശനി

: 20 ഞായർ : ഉയിർപ്പു തിരുനാൾ

**അനുബന്ധ പ്രവർത്തനങ്ങൾ**

**പ്രാർത്ഥനാനിയോഗം :** ദൈവവിളി വർദ്ധിക്കുന്നതിനുവേണ്ടി.

* ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് ആശുപത്രികൾ സന്ദർശിച്ച് ഉത്ഥാനനുഭവം പകരുക. ഭക്ഷണവിതരണം, പരിസര ശുചീകരണം നടത്തുക.

**സുകൃതജപം :** ഉത്ഥിതനായ ഈശോയെ അങ്ങയുടെ ഉത്ഥാനത്തിൽ ഞങ്ങളെ പങ്കുചേർക്കണമേ...

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## ജീസസ് യൂത്ത്

**കുടുംബധ്യാനം**

ഏപ്രിൽ 25 മുതൽ 27 വരെ മുണ്ടൂർ സീനായ് ധ്യാനകേന്ദ്രത്തിൽ ജീസ്സസ് യൂത്ത് മിനിസ്ട്രികളിൽ ഒന്നായ എയ്ഞ്ചൽസ് ആർമ്മിയുടെ നേതൃത്വത്തിൽ ESH AHEBAH - Fire of Love എന്നപേരിൽ കുടുംബധ്യാനം സംഘടിപ്പിക്കുന്നു. കുഞ്ഞുങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും ഒരുമിച്ച് ധ്യാനം കൂടുവാനുള്ള അവസരമാണിത്. മാതാപിതാക്കൾക്ക് പ്രത്യേകവും കുഞ്ഞു





ങ്ങൾക്ക് അവരുടെ പ്രായത്തിനനുസരിച്ച് പല ഗ്രൂപ്പുകളായിട്ടായിരിക്കും ധ്യാനം നടത്തപ്പെടുക. ധ്യാനത്തിൽ സംബന്ധിക്കുവാൻ താല്പ്പര്യമുള്ളവർ 9497252303 ൽ ബന്ധപ്പെടുക.

**നന്ദി**

കഴിഞ്ഞ ഒരുവർഷക്കാലഘട്ടം ജീസ്സസ് യൂത്ത് ഫുൾടൈമറായി പാലക്കാട് രൂപതയിൽ 12-ഓളം യുവജന പ്രാർത്ഥനാകൂട്ടായ്മകൾക്ക് തുടക്കം കുറിച്ചുകൊണ്ട് സ്തുത്യർഹമാവിധം സേവനമനുഷ്ഠിച്ച ശ്രീ. വർഗ്ഗീസിന് രൂപതാ ജീസ്സസ് യൂത്ത് കൂട്ടായ്മയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

## കെ. സി. വൈ. എം

**ഉണർവ്വ് 2014**

കെ.സി.വൈ.എം ന്റെ നേതൃനിരയെ വാർത്തെടുക്കുന്നതിനായി ഒരുക്കുന്ന "ലീഡേഴ്സ് ട്രൈയിനിംഗ് പ്രോഗ്രാം - ഉണർവ്വ് 2014" സോണുകളായി തിരിച്ച് നടത്തപ്പെടുന്നു.

ഏപ്രിൽ 6 - പാലക്കാട് സോൺ

മെയ് 1 - മണ്ണാർക്കാട് സോൺ

മെയ് 11 - വടക്കഞ്ചേരി സോൺ

**ENCOUNTER - ഏപ്രിൽ 15**

എനിക്കു വേണ്ടി രക്തം ചിന്തിയ എന്റെ നാഥനു എന്റെ സ്നേഹസമർപ്പണം

ENCOUNTER നോമ്പുകാല ചിന്തകളും പ്രാർത്ഥനകളുമായി കെ.സി.വൈ.എം യുവജനങ്ങൾ ഒരുമിക്കുന്നു. യുവജനങ്ങൾക്കുള്ള പ്രത്യേക പ്രാർത്ഥന, ആരാധന, ധ്യാനം, കുമ്പസാരം, കുരിശിന്റെ വഴി എന്നിവ ഏപ്രിൽ 15-ാം തിയ്യതി ധോണി മരിയൻ റിന്യൂവൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

**സ്പെഷ്യൽ സെനറ്റ് - മാർച്ച് 22**

മാർച്ച് 22-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ വെച്ച് കെ. സി.വൈ.എം

സ്പെഷ്യൽ സെനറ്റ് ചേരുകയുണ്ടായി. കെ.സി.വൈ.എം രൂപത പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ പതാക ഉയർത്തി സെനറ്റിന് ആരംഭം കുറിച്ചു. രൂപത ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര സെനറ്റിനെ കുറിച്ചുള്ള വിവരണം നടത്തി. കെ.സി.വൈ.എം ന്റെ 2014 വർഷത്തെ പഠനപ്രവർത്തന വിഷയ മായ ക്രൈസ്തവയുവതയും കുടുംബഭദ്രതയും എന്ന വിഷയത്തെ അടി സ്ഥാനമാക്കി ഫാ. ജെസ്റ്റിൻ MCBSക്ലാസ്സുകൾ നയിച്ചു. സെനറ്റിൽ വെച്ച് കെ. സി.വൈ.എംന്റെ 2014 പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി യായ "സ്നേഹവീട്"ന്റെ പ്രകാശനവും പാലക്കാട് രൂപത മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് നിർവ്വഹിച്ചു. രൂപത ഡയറക്ടർ ഫാം ടോം ജി. വടക്കേക്കര ആമുഖപ്രഭാഷണം നടത്തിയ സമ്മേളനത്തിൽ പ്രിസി ഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷനായിരുന്നു. രൂപത അസി. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ, ആനിമേറ്റർ സി. ആൻഗ്രേസ് CHF, മുൻ രൂപത പ്രസിഡന്റ് ശ്രീ ജോജി പാറയ്ക്കൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം കുമാരി ക്രിസ്റ്റി മാത്യു എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ സ്വാഗതവും രൂപത ട്രഷ റർ ശ്രീ. ജുബിൻ ജോസ് നന്ദിയും രേഖപ്പെടുത്തി. സെനറ്റിൽ വെച്ച് കെ. സി. വൈ. എം.ന്റെ 2014 വർഷത്തെ കർമ്മപദ്ധതി വിവരണം ജന. സെക്ര ട്ടറി ശ്രീ. എബിൻ കണിവയലിൽ നടത്തി. സെനറ്റിൽ 120-ഓളം അംഗങ്ങൾ പങ്കെടുത്തു. രാവിലെ 9.30 മണിയോടെ ആരംഭിച്ച സെനറ്റ് ഉച്ചയ്ക്ക് 2.30 മണിയോടെ സമാപിച്ചു.

**കരിയർ ഗൈഡൻസ് സെമിനാർ -മാർച്ച് 28**

ജീവിതത്തിൽ ഇനി എന്ത്? എന്ന ചിന്തയുമായി പഠനങ്ങളുടെ വിവിധങ്ങ ളായ വഴിത്താരയിൽ നിൽക്കുന്ന വിദ്യാർത്ഥി സമൂഹത്തിന് ശരിയായ ദിശ കാണിച്ചുകൊടുക്കുവാൻ കെ. സി.വൈ. എം പാലക്കാട് രൂപതാസമിതി, കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ പ്രശ്സത കരിയർ ഗുരുവായ ഡോ. എം. എസ്. ജലീൽ നയിച്ച സെമിനാറിൽ വിവിധ കോഴ്സുകളെ കുറിച്ചും വിവിധ പഠനമേഖലകളെ കുറിച്ചും ക്ലാസ്സുകൾ നട ന്നു. മാർച്ച് 28-ാം തിയ്യതി 9.30 മണിക്ക് പാലക്കാട് സെന്റ് റാഫേൽസ് കത്തീ ഡ്രൽ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചാണ് സെമിനാർ നടന്നത്.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ





# മാതൃസംഘം

**അഫിലിയേഷൻ**

യൂണിറ്റുകളുടെ അംഗത്വം നഷ്ടപ്പെടാതിരിക്കാൻ അംഗത്വം പുതുക്കിയെന്ന് ഭാരാവാഹികൾ ഉറപ്പുവരുത്തുക. ഓരോ അംഗത്തിനും 10 രൂപാവീതം മെമ്പർഷിപ്പ് ഫീസ് രൂപതയിൽ നൽകേണ്ടതാണ് (മാതൃസംഘം നിയമാ വലി പേജ് 16).

**മാതൃദിനം**

മെയ്മാസം രണ്ടാമത്തെ ഞായറാഴ്ച (മെയ് 11) മാതൃദിനമായി ആഘോ ഷിക്കണം. അന്ന് പ്രത്യേക സ്തോത്രകാഴ്ചയെടുത്ത് മാതൃസംഘം രൂപ താപ്രവർത്തനങ്ങൾക്കായി രൂപതയിൽ ഏൽപ്പിക്കേണ്ടതാണ്.

**ഫൊറോനാതല സെമിനാർ**

ഏപ്രിൽ മെയ് മാസങ്ങളിൽ മാതൃസംഘാംഗങ്ങൾക്കായി ഫൊറോനാതല സെമിനാറുകൾ സംഘടിപ്പിക്കുവാൻ ഫൊറോനാ ഡയറക്ടർമാരുടെ നേതൃ ത്വത്തിൽ ഭാരവാഹികൾ ശ്രദ്ധിക്കുക.

**ഫൊറോന എക്സിക്യൂട്ടീവ്**

ഫൊറോനാതല എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ, മെയ് മാസങ്ങളിൽ വിളി ച്ചുകൂട്ടുക. രൂപതാതല ഭാരവാഹികൾ പ്രസ്തുത മീറ്റിംഗുകളിൽ സംബ ന്ധിക്കുന്നതാണ്.

**പുസ്തകവിതരണം**

ദൈവാനുഗ്രഹത്തിന്റെ വഴികൾ എന്ന പുസ്തകത്തിന്റെ വിതരണം പൂർത്തിയാക്കി തുക ഏപ്രിൽ മാസത്തിൽതന്നെ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫാ. ബിനുപൊൻകാട്ടിൽ**
ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**ഏപ്രിൽ, മെയ് മാസങ്ങളിലെ ഹോം മിഷൻ നടക്കേണ്ട ഇടവകകൾ**

മാർച്ച് 30 - ഏപ്രിൽ 6 : ചിറ്റടി, മേരിലാന്റ്

മാർച്ച് 30 - ഏപ്രിൽ 12 : താവളം

| | | |
|---|---|---|
| മാർച്ച് 31 – ഏപ്രിൽ 9 | : | ചിറ്റൂർ (അട്ടപ്പാടി) |
| ഏപ്രിൽ 8 – 10 | : | ഷോളയൂർ |
| ഏപ്രിൽ 11 – 12 | : | മുച്ചംകുണ്ട് |
| ഏപ്രിൽ 11 –13 | : | വയലൂർ |
| ഏപ്രിൽ 22 മെയ് 2 | : | ചീനിക്കപ്പാറ |
| ഏപ്രിൽ 22 മെയ് 10 | : | ജെല്ലിപ്പാറ |
| ഏപ്രിൽ 22 – 25 | : | കുറുവംമ്പാടി |
| ഏപ്രിൽ 28 – മെയ് 18 | : | ഒലവക്കോട് |
| മെയ് 21 – 26 | : | തത്തമംഗലം |
| മെയ് 29 – ജൂൺ 22 | : | പൊന്നംങ്കോട് |
| മെയ് 5 – 14 | : | പുലാപറ്റ |
| മെയ് 17 – ജൂൺ 6 | : | പാലക്കയം |
| മെയ് 13 – 25 | : | ആരോഗ്യപുരം |
| മെയ് 28 – ജൂൺ 1 | : | കാഞ്ഞിരപ്പുഴ ഡാം |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## സെമിനാരി വാർത്തകൾ

**ഇന്റൻസീവ് കാറ്റികിസം**

ഈ വർഷം ഇടവകകളിൽ ശെമ്മാശന്മാർ നയിക്കുന്ന ഇന്റൻസീവ് കാറ്റികിസത്തിന്റെ ക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു. ഇന്റൻസീവ് കാറ്റികിസം തുടങ്ങുന്നതിന്റെ തലേദിവസം വൈകിട്ട് ശെമ്മാശന്മാർ ഇടവകയിൽ എത്തുന്നതും തീരുന്ന അന്നുതന്നെ തിരിച്ചുപോകുന്നതുമാണ്.

**MARCH 31-APRIL 5**

1. Neethipuram
2. Chittur Attappady
3. Shornur





4. Pattamby - koonathara
5. Kadappara-
6. Melarkode
7. Vadakkumchery
8. Mundur
9. Elavampadam (Mar30- APR 4)
10. Palappuram (Mar30- APR 1)
11. Niravu (Mar30- APR 1)
12. Edathanatukara (APR 1- 3)
13. KoduntharapillY (April 3-5)
14. Akamalavaram(Mar 31-April 5)

**APRIL 7 to 12**

1. Dhoni
2. Kulakkatukurussi
3. Cheenickapara
4. Kalladikode
5. Thathamangalam
6. Kannambra
7. Puliyara, Kuravampady,
8. Unnimala
9. Agali
10. Karara
11. Jellipara
12. Vachanagiri
13. Kadambur
14. Josgiri (April 6 To 8)
15. Stars (April 7 To 12)
16. Cathedral (April 8 To 12)
17. Arogyapuram (April 9 to 12)

**April 21 To 26**

1. Vimalagiri and Kanjirapuzha Dam
2. Alangad- Kongad
3. Mannarkkad
4. Thiruvizhamkunnu
5. Kanjirapuzha
6. Poonchola
7. Stars (April 21 To 28)
8. Kanjikkod (APRIL 22-26)
9. Mankurssy (April 22 To 24)

**April 28 To May 3**

1. Odamthod
2. Kaithachira Pullassery
3. Chulliyamkulam
4. Alanallur
5. Irumbakachola
6. Kallekkad
7. Mezhukumpara (April 27 -30)
8. Kandamangalam (May 7 - 9)
9. Maria Nagar (Apr 27-30)
10. Pulappatta

**ഫാ. സേവ്യർ മാറാമറ്റം**
റെക്ടർ



# മദ്യവിരുദ്ധ സമിതി

### ഏകദിന ശില്പശാല ഏപ്രിൽ 6 ഞായറാഴ്ച

പാലക്കാട് രൂപതാ മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ രൂപതാ ഫൊറോന ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ആനിമേറ്റർമാർക്കുമായി ലഹരി വിമുക്ത സമൂഹവും ക്രൈസ്തവ കാഴ്ച്ചപ്പാടും എന്ന വിഷയത്തിൽ ഏപ്രിൽ 6ന് കാലത്ത് 9.30മുതൽ 3.30 വരെ ഒരു ഏകദിനശില്പശാല പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. പ്രസ്തുത ശില്പശാലയിൽ രൂപതാ ഫൊറോനാ ഭാരവാഹികൾക്കും, ഭാരവാഹികൾ ഇല്ലാത്ത ഇടവകയിൽ നിന്നും ഒന്നോ രണ്ടോ പ്രതിനിധികൾക്കും പങ്കെടുക്കാവുന്നതാണ്.

### ത്രൈമാസ പ്രസിദ്ധീകരണം

മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു ത്രൈമാസിക പ്രസിദ്ധീകരിക്കുന്നു. രൂപതയിലെ എല്ലാ ഭവനങ്ങളിലും സൗജന്യമായി എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസിദ്ധീകരണത്തിലേയ്ക്കുള്ള സാഹിത്യസൃഷ്ടികൾ, ചീഫ് എഡിറ്റർ, സി.എം. മാത്യൂ, ചേപ്പനാംകുന്നേൽ, കല്ലടിക്കോട്- 678596 എന്ന വിലാസത്തിലോ E Mail: pkdmvs@gmail.com എന്ന മെയിലിലോ അയയ്ക്കാവുന്നതാണ്.

### നോമ്പുകാല പ്രത്യേക പ്രാർത്ഥനകൾ

രൂപതാ മദ്യ വിരുദ്ധ സമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ വിജയത്തിനായും ലഹരിയ്ക്ക് അടിമപ്പെട്ടവരുടെ മോചനത്തിനും മാനസാന്തരത്തിനും ഈ നോമ്പുകാലത്ത് സഭാ സ്ഥാപനങ്ങളിലും കുടുംബങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്താൻ ശ്രദ്ധിയ്ക്കുമല്ലോ.

രൂപതാ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾക്കും സഹകരണങ്ങൾക്കും നന്ദി.

**ഫാ. ജിജോ പാറയിൽ**
ഡയറക്ടർ







# ജീസസ് ഫ്രട്ടേണിറ്റി

### കാർമൽഗിരി സെമിനാരിയിലെ ബ്രദേഴ്സിന്റെ തടവറ തീർത്ഥാടനം

സ്നേഹത്തിന്റെ വിസ്ഫോടക ശക്തിയായി മാറാനുള്ള ആഹ്വാനം നെഞ്ചിലേറ്റികൊണ്ട് ആലുവ,കാർമൽഗിരി സെമിനാരിയിൽ നിന്നും ബഹുമാനപ്പെട്ട ജോയ് അറയ്ക്കൽ അച്ചനും 10 വൈദീക വിദ്യാർത്ഥികളും രണ്ട് ദിവസത്തേക്ക് പാലക്കാട് രൂപതയിലെ ജയിലുകൾ സന്ദർശിക്കുവാനും അവിടുത്തെ തടവറ മക്കൾക്ക് സ്നേഹസാന്ത്വനം നൽകുവാനുമായി കടന്നുവരുകയുണ്ടായി. തടവറയിൽ വസിക്കുന്ന സഹോദരങ്ങളുടെ പക്കൽ പോകുന്ന ജീസസ്സ് ഫ്രറ്റേണിറ്റി എന്ന കൂട്ടായ്മ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറുന്ന ഒന്നാണ്. വിളിക്കുള്ളിലെ വിളിയുടെ ചൈതന്യം തിരിച്ചറിഞ്ഞ് തീക്ഷ്ണതയോടെ തടവറമക്കളിൽ തിരുമുഖം ദർശിച്ചുകൊണ്ടുള്ള ഈ തീർത്ഥാടനയാത്രയിൽ ജീവിത മൂല്യമുള്ള കലാപരിപാടികൾ കാഴ്ചവയ്ക്കുകയും തടവറ മക്കൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്തു. കൂടാതെ വിവിധ സന്യാസഭവനങ്ങളിൽ സന്ദർശനം നടത്തുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. ഈ യാത്രയിൽ വേണ്ടതായ എല്ലാ സഹായസഹകരണങ്ങളും ഡയറക്ടർ ഫാ. മാർട്ടിൻ തട്ടിലും, ജീസസ്സ് ഫ്രട്ടേണിറ്റി അംഗങ്ങളും നൽക്കുകയും ചെയ്തു. കർത്താവിന്റെ ഹൃദയത്തിനിണങ്ങിയ അജപാലകരായി മാറുവാൻ ഇതുപോലുള്ള സന്ദർശനങ്ങൾ ഞങ്ങൾക്ക് ഏറെ സഹായകമായിയെന്ന് അവർ ഏടുത്തുപറയുണ്ടായി. തങ്ങളുടെ ദൗത്യം ഏറ്റവും ഭംഗിയായി നിർവ്വഹിക്കാൻ സാധിച്ചതിന്റെ കൃതാർത്ഥയോടെ അവരെല്ലാം തിരിച്ചുപോയി. കാലിൽ ചിറകും ഹൃദയത്തിൽ അഗ്നിയുമായി പ്രേഷിതമേഖലയിലേയ്ക്ക് നമുക്കും കടന്നുവരാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ

### ഇടയ സന്ദർശനം

എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ, എനിക്കുതന്നെയാണ്ചെയ്തുതന്നത് എന്ന കർത്താവിന്റെ വചനങ്ങളെ മുറുകെ പിടിച്ചുകൊണ്ട്, പ്രേഷിതതീക്ഷ്ണതയോടെ, പാലക്കാട് രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ഇനിയും കൂടുതൽ തീക്ഷ്ണതയോടെ മുന്നോട്ട് എങ്ങനെ പോകാമെന്ന് ഒരുമിച്ച് തീരുമാനിക്കുന്നതിനുമായി

തിരുവല്ല അതിരൂപത മെത്രാപ്പോലിത്ത തോമസ് മാർ കൂറിലോസ് തിരുമേനിയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സ്റ്റേറ്റ് ഡയറക്ടർ ഫാ. യേശുദാസ് കൊടിവീട്ടിലും പാസ്റ്ററൽ സെന്ററിൽ വരികയുണ്ടായി. പാലക്കാട് സോൺ ഡയറക്ടർ ഫാ. മാർട്ടിൻ തട്ടിൽ ഏവർക്കും സ്വാഗതമരുളുകയും ഒപ്പം തന്നെ ജയിലുകളിലെ പ്രവർത്തങ്ങളെകുറിച്ച് ചെറിയ ഒരു അവലോകനം നടത്തുകയും ചെയ്തു. ഇന്ന് ജയിലുകളിലേക്ക് കടന്നുചെല്ലാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും അച്ചൻ സൂച്ചിപ്പിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ ഈ സംരംഭത്തിന്റെ ആവശ്യകതയെകുറിച്ചും ബഹു. യേശുദാസ് കൊടിവിട്ടിലച്ചൻപങ്കുവെച്ച ജീവിതനുഭവങ്ങൾ ഏവർക്കും പ്രചോദനമായി.

തടവറയിൽ കിടക്കുന്ന മക്കൾക്ക് നാം ചെയ്യുന്ന ശുശ്രൂഷ കർത്താവിന്റെ ഹൃദയത്തിന് ഏറ്റവും ചേർന്ന ശുശ്രൂഷയാണെന്ന് ആദ്യമേ തന്നെ എടുത്തുപറഞ്ഞുകൊണ്ടാണ് പിതാവ് തന്റെ സന്ദേശം ആരംഭിച്ചത്. സ്നേഹവും പരിഗണനയുംഏറ്റവും കൂടുതൽ ആവശ്യമുള്ളവരാണ് തടവറമക്കൾ. ഈ ശുശ്രൂഷ ഒരിക്കലും പ്രതിഫലത്തിനുവേണ്ടിയോ, ഔദാര്യമായോ നൽകുന്നതല്ല, മറിച്ച് ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന നന്മകളും, കഴിവുകളും നാം ഉപയോഗിക്കുന്നുവെന്നു മാത്രമെ ഉള്ളൂ. ഓരോ സോണിലെയും വളർച്ചയിൽ സന്തോഷിക്കുകയും പ്രവർത്തനങ്ങളെ എടുത്തുപറഞ്ഞു പ്രശംസിക്കുകയും ചെയ്തതിനോടൊപ്പം തന്നെ, തറവറമക്കളുടെ കുടുംബത്തിലേയ്ക്കും അവരുടെ മക്കൾക്കും ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യാൻ സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കേണ്ടിയിരിക്കുന്നുവെന്നും പിതാവ് ഓർമ്മിപ്പിച്ചു. ഈ പ്രവർത്തനങ്ങൾക്ക് അല്മായരുടെ സഹകരണം ഒരുവൻ ശക്തിയാണെന്നും ഒറ്റകെട്ടായി ദൈവരാജ്യ വിപുലികരണത്തിനായി, തടവറമക്കൾക്ക് കൂടുതൽ ആശ്വാസം ലഭിക്കുന്ന രീതിയിൽ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ ശുശ്രൂഷകൾ വളർന്നുവരട്ടെയെന്ന് ആശംസിച്ചുകൊണ്ടും, എല്ലാവിധ പ്രാർത്ഥനകളും ആനുഗ്രഹങ്ങളും നേർന്നുകൊണ്ടുമാണ് പിതാവ് തന്റെ വാക്കുകൾ ഉപസംഹരിച്ചത്.

അഭിവന്ദ്യ പിതാവിനും, യേശുദാസച്ചനും എല്ലാ തടവറ പ്രേഷിതർക്കും സി. ഫോൺസി F.C.C നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ







# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ഏപ്രിൽ | 13-16 | ദൈവവിളി വിവേചനധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഏപ്രിൽ | 21-25 | കാരിസം റിട്രീറ്റ്<br>ബ്ര. ഡാമിയൻ സ്റ്റെയിൻ |
| ഏപ്രിൽ | 26 | ഏകദിനധ്യാനവും മിറക്കിൾ റാലിയും<br>ബ്ര. ഡാമിയൻ സ്റ്റെയിൻ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710. ഏപ്രിൽ 25ന് ഏകദിന കൺവെൻഷൻ ഉണ്ടായിരിക്കുന്നതല്ല.

**സെഹിയോൻ കൺവെൻഷൻ**

ഏപ്രിൽ 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ

ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**സഫാരി പ്രൊജക്ട്**

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സാഹയത്തോടെ പീപ്പിൾസ് സർവ്വീസ് സൊസൈറ്റി കൃഷിക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് സഫാരി. സഫാരിയുടെ പൂർണ്ണരൂപം Sustainable Agriculture through Farmer Led Initiatives (SAFARI) എന്നാണ്. മൂന്നു വർഷം കൊണ്ട് പൂർണ്ണമാകുന്ന പദ്ധതിയാണ് കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ 1450 കുടുംബങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ജൈവകൃഷി പ്രോത്സാഹനമാണ് പ്രധാനമായും ഈ പദ്ധതിവഴി ലക്ഷ്യമിടുന്നത് ഇപ്പോൾ പ്രധാനമായും ബോധവത്കരണ പരിപാടികളാണ് നടന്നുവരുന്നത്. ജൈവകൃഷിരീതിയിൽ അടുക്കളത്തോട്ടം നിർമ്മിച്ച 50 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം 21-3-2014 ന് വിതരണം ചെയ്യും. അതോടെ 200 കാർഷിക വിജ്ഞാന ക്ലാസ്സും സംഘടിപ്പിച്ചിട്ടുണ്ട്.

**ജലനിധി പദ്ധതി ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്**

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ പി. എസ്. എസ്. പി സഹായ സംഘടനയായി നടപ്പിലാക്കി വരുന്ന ജലനിധി പദ്ധതി ഒരു പ്രധാന നാഴിക കല്ലു കൂടി പിന്നിട്ടിരിക്കുന്നു. പദ്ധതിയുടെ നിലനിൽപ്പിനു തന്നെ ഭീഷണി ഉയർത്തിയിരുന്ന കേരള വാട്ടർ അതോറിറ്റിയും ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തും ചേർത്ത് നടപ്പിലാക്കേണ്ട ഏക പഞ്ചായാത്ത് വാട്ടർ അതോറിറ്റി പദ്ധതികളെ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചുള്ള കരാർ മാർച്ച് മാസം 4-ാം തിയ്യതി യാഥാർത്ഥ്യമായി. കരാർ പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് ചേർക്കപ്പെടുന്ന ഭാരതപ്പുഴ സ്രോതസ്സായിട്ടുള്ള ഞാവലിൻ കടവ് ജലവിതരണ പദ്ധതിയെ പുനരുദ്ധരിച്ച് കൊണ്ട് ജലനിധി പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ള 4000 ത്തോളം വരുന്ന കുടുംബങ്ങൾക്ക് ജലവിതരണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ജലശുദ്ധീകരണശാല, ജല സംഭരണി, ജല





വിതരണ ശൃംഖല തുടങ്ങിയവയെല്ലാം രണ്ട് വർഷം കൂടി കാലാവധിയുള്ള ഇതിന്റെ ഭാഗമായി നിർമ്മിക്കേണ്ടതുണ്ട്.

ജലനിധി പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ പ്രവർത്തനങ്ങളെയും GPS (Global Positioning System) സംവിധാനത്തിൽ കൊണ്ടുവരേണ്ടതുണ്ട്. അതിനായി GPS ഡിവൈസ് ഉപയോഗിച്ച് മാപ്പിംഗ് നടത്തുന്ന ജോലികൾ പൂർത്തിയായികൊണ്ടിരിക്കുന്നു.

ജോജു ജോസഫ് - ടീം ലീഡർ

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 2.4.14നു ബുധനാഴ്ച കാലത്ത് 10.30ന് PSSPയിൽ വെച്ചു നടത്തപ്പെടുന്നു.

**ബ്ലോക്കുഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.4.14 | ബുധൻ | മണ്ണാർക്കാട് | | 10.30am |
| 10.4.14 | വ്യാഴം | ശ്രീകൃഷ്ണപുരം | | 10.30am |
| 11.4.14 | വെള്ളി | കുഴൽമന്ദം | | 10.30am |
| 14.4.14 | തിങ്കൾ | പാലക്കാട്/മലമ്പുഴ | | |
| 23.4.14 | ബുധൻ | ആലത്തൂർ | FCC വടക്കുഞ്ചേരി | 10.30am |
| 25.4.14 | വെള്ളി | അട്ടപ്പാടി | റിജിയണൽ ഓഫീസ് ഗൂളിക്കടവ് | 10.30am |
| 26.4.14 | ശനി | നെന്മാറ | പാരീഷ് ഹാൾ നെന്മാറ | 10.30am |

**റീജിയണൽ ഓഫീസ് ദിവസം**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.4.14 | ചൊവ്വ | സാൻജോ ടവ്വർ | 10.30 to 2pm |
| 23.4.14 | ബുധൻ | FCC വടക്കുഞ്ചേരി | 10.30 to 2pm |
| 24.4.14 | വ്യാഴം | കരിമ്പ പാരീഷ് ഹാൾ | 10.30 to 2pm |
| 25.4.14 | വെള്ളി | റീജിയണൽ ഓഫീസ് ഗുളികടവ് | 10.30 to 2pm |
| 26.4.14 | ശനി | നെന്മാറ പാരീഷ് ഹാൾ | 10.30 to 2pm |

28.4.14 തിങ്കൾ പൊരിയാനി, മുണ്ടൂർ 10.30 to 2pm

**നബാർഡ് സ്വയം സഹായ സംഘങ്ങൾ (NWSHG)**

നബാർഡ് PSSPമുഖാന്തിരം നടപ്പാക്കുന്ന വനിതാ അയൽകൂട്ടങ്ങളുടെ പ്രവർത്തനം ജില്ല മുഴുവനും നടപ്പാക്കുന്നതിനുള്ള അനുമതി ലഭിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത വനിതകൾക്ക് പദ്ധതിയൽ ചേരാവുന്നതാണ്. തൊഴിൽ പരിശീലനങ്ങൾ നടത്തുക, ബാങ്ക് വായ്പ ലഭ്യമാക്കുക, തൊഴിൽ പദ്ധതി തുടങ്ങുക എന്നിവയാണ് പ്രവർത്തനങ്ങൾ. ആവശ്യമുള്ളവർ PSSPഓഫീസുമായി ബന്ധപ്പെടുക.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**തൊഴിൽ പരിശീലനങ്ങൾ**

| ദിവസങ്ങൾ | പദ്ധതി | സ്ഥലം | പരിശീലനാർത്ഥികൾ |
|---|---|---|---|
| ഏപ്രിൽ ആദ്യം | ബിരിയാണി മേക്കിംഗ് | കാഞ്ഞിരിപ്പുഴ/ പാലക്കാട് | തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾ |
| ഏപ്രിൽ ആദ്യം | മൊബൈൽ റിപ്പയറിംഗ് | പൊന്നംങ്കോട് | തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾ |
| 2014 മാർച്ച് | ശിങ്കാരിമേളം | പുതുക്കാട് | തെരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾ |
| ഏപ്രിൽ ആദ്യം | ഫാഷൻ ആഭരണ നിർമ്മാണം | കോങ്ങാട് | തെരഞ്ഞെടുക്കപ്പെട്ട 20 SCവനിതകൾ |
| ഏപ്രിൽ 3,4 | സോപ്പുനിർമ്മാണം | ഇളവംപാടം | വനിതകൾ |
| ഏപ്രിൽ ആദ്യം | ആടുവളർത്തൽ (സബ്സീഡിയോടുകൂടി) | പാലക്കാട് | തെരഞ്ഞെടുക്കപ്പെട്ട 12 SCവനിതകൾ |





**അവധിക്കാലം ആദായകരമാക്കാൻ......**

പി.എസ്.എസ്.പിയുടെ ആഭിമുഖ്യത്തിൽ നല്കിവരുന്ന പരിശീലന പരിപാടികളിൽ പങ്കെടുത്ത് വ്യക്തിപരമായ കഴിവുകൾ വർദ്ധിപ്പിക്കുവാനും സ്വയം വരുമാന പദ്ധതികൾ ആരംഭിക്കുവാനും ഇപ്പോൾ സുവർണ്ണാവസരം! സൗജന്യ തെങ്ങ്കയറ്റയന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റപരിശീലനം, ഡ്രൈവിംഗ് പരിശീലനം ( ഇരുചക്രം, നാല്ചക്രം) ടൈലറിംഗ്, എംബ്രോയ്ഡറി, ഫാഷൻ ഡിസൈനിംഗ് എന്നീ ഇനങ്ങളിൽ നിങ്ങളുടെ സ്ഥലത്തു തന്നെ സ്ത്രീകൾക്കും പുരുഷന്മാർക്കും പരിശീലനത്തിന് അവസരം. തുടർന്ന് ആവശ്യക്കാർക്ക് ഗ്രൂപ്പുകളിലൂടെ നിബന്ധനകൾക്ക് വിധേയമായി വായ്പകൾ ലഭ്യമാണ്. ഉടൻ പി. എസ്. എസ്. പി.യുമായി ബന്ധപ്പെടുക. ( 9447020395, 9400299234)

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2013 -2014 സാമ്പത്തിക വർഷത്തിൽ 2014 ഫെബ്രുവരി മാസം നടപ്പിലാക്കിയ സങ്കേതിക തൊഴിൽ പരിശീലന ബാച്ചുകളുടെ വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

| SL No | Name of Batch | No. of Batches |
|---|---|---|
| 1. | Fabric Painting | 1 |
| 2. | Screen Printing | 3 |
| 3. | House Hold Elderly Care | 1 |
| 4. | Electrical Technician | 2 |

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ റിസോഴ്സ് പേഴ്സണുകൾക്കു വേണ്ടിയുള്ള രണ്ടുദിവസത്തെ സ്കിൽ ട്രൈയിനിംഗ് 2014 മാർച്ച് 15 & 16 തിയ്യതികളിൽ START, ധോണിയിൽവെച്ച് നടത്തി. 25 അധ്യാപകർ പങ്കെടുത്തു.

2013 -2014 സാമ്പത്തിക വർഷത്തിൽ വിജയകമായി പരിശീലനം പൂർത്തിയാക്കിയ പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ 2014 മാർച്ച് 4-ാം തിയ്യതി പസ്റ്ററൽസെന്റർ, ചക്കാന്തറയിൽ വെച്ച് നടത്തി. തൊഴിലില്ലായ്മ അല്ല തൊഴിൽ വൈദഗദ്ധ്യം ഇല്ലായ്മയാണ് സമൂഹത്തിന്റെ യഥാർത്ഥ പ്രശ്നം എന്ന് ഷാഫി പറമ്പിൽ എം. എൽ.എ

കേന്ദ്ര ഗവർൺമെന്റിന്റെ മാനവ വിഭവശേഷി വികസന മന്ത്രാലയത്തിനു കീഴിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാല ക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ 2013 – 2014 വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായി രുന്നു അദ്ദേഹം. തദവസരത്തിൽ സാങ്കേതിക തൊഴിൽ പരിശീലനത്തിലൂടെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരുടെ ജീവി തനിലവാരം ഉയർത്തുന്ന ജൻശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയുണ്ടായി. പാലക്കാട് രൂപതാ അദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി. ജെ. എസ്. എസ്. ഡയറക്ടർ ശ്രീ. കെ.ഡി ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. 2013 – 2014 സാമ്പത്തിക വർഷത്തിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ടി. എൻ. കണ്ടമുത്തൻ നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടി. എസ്. മജീദ്, പി. എം. സ്മിജ, പി. ആർ. മുരളീധരൻ, മൃത്യുഞ്ജയൻ, റഷീദ് കണിച്ചേരി, കെ. സജീവൻ, അഡ്വ.ഫാ. റെജി പെരുമ്പിള്ളി, മനോജ് സെബാസ്റ്റ്യൻ, റോസിലി എന്നിവർ പ്രസംഗിച്ചു. 700 പഠിതാക്കൾ പങ്കെ ടുത്ത സമ്മേളനത്തിന് ജെ. എസ്. എസ് ചെയർമാൻ ഫാ. ജേക്കബ് മാവു ങ്കൽ സ്വാഗതവും പ്രോഗ്രാം ഓഫീസർ സിജു മാത്യു നന്ദിയും അർപ്പിച്ചു. പൂർവ്വ വിദ്യാർത്ഥി സംഗമവും പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനവും വാർഷിക സമ്മേളനത്തിന് മാറ്റ് കൂട്ടി.

Driving, Beautician, Jewellary Making, Tailor തുടങ്ങിയ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.

**തെങ്ങിൻ ചങ്ങാതിമാർ ( FoCT)**

നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സങ്കേതിക സഹായ ത്തോടെ പീപ്പിൾസ് സർവ്വീസ് സൊസൈറ്റി നടപ്പിലാക്കികൊണ്ടിരിക്കുന്ന തെങ്ങിൻ ചങ്ങാതിമാർ( FoCT) എന്ന 6 ദിവസം നീണ്ടുനില്ക്കുന്ന ഈ ട്രെയി നിംഗ് ഇതിനോടകം 65 ബാച്ചുകളിലായി 1300 പേർക്ക് ട്രെയിനിംഗ് കെടുത്തു. ഇതിൽ1000 പുരുഷന്മാരും 300 സ്ത്രീകളുമാണ്.

അടുത്ത ട്രെയിനിംഗ് ഏപ്രിൽ ആദ്യ ആഴ്ചയിൽ തുടങ്ങുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2014 ഫെബ്രുവരി**

27 – പുതുതായി നിർമ്മിച്ച ആനമൂളി സെന്റ് തെരേസ ഓഫ് ആവില ദൈവാലയം കൂദാശ ചെയ്തു. കുട്ടികൾക്ക് പ്രഥമ ദിവ്യകാരു ണ്യവും സ്ഥൈര്യലേപനവും നൽകി, വി. കുർബാനയർപ്പിച്ചു.

28 – സുൽത്താൻപേട്ട് രൂപതയുടെ ബിഷപ്പിനേയും കൂരിയാ അംഗ ങ്ങളേയും അരമനയിൽ സ്വീകരിച്ചു.

**2014 മാർച്ച്**

1 – റോസ്മീനിയൻ സന്യാസ സഭാംഗമായ ഷാജു ബർണ്ണാഡ് മാന്തോട്ടത്തലിന് അരമന കപ്പേളയിൽ വെച്ച് ഡീക്കൻ പട്ടം നൽകി.

2 – മാങ്കാവ് നിത്യസഹായമാതാ ഇടവകയുടെ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു.

3 – വിഭൂതി തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയ ത്തിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

4 – പാസ്റ്ററൽ സെന്ററിൽ ജെ.എസ്.എസ്. ന്റെ പരിശീലന കോഴ്സ് പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതി നുവേണ്ടി സംഘടിപ്പിച്ച യോഗം ഉദ്ഘാടനം ചെയ്തു.

5 – തിരുവല്ല ആർച്ച് ബിഷപ്പ് ബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവും മാർ ബോസ്കോ പുത്തൂർ പിതാവും അരമന സന്ദർശിച്ചു.

6 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് വിളിച്ചുകൂട്ടിയ മെത്രാന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

7 – ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് ദൈവാലയത്തിൽ ഏക ദിനധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

8 – പാസ്റ്ററൽ സെന്ററിൽ ലോകവനിതാദിനം പ്രമാണിച്ച് സംഘടി പ്പിച്ച സമ്മേളനത്തിൽ സന്ദേശം നൽകി.

9 – വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫോറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പാവപ്പെട്ടവർക്കുവേണ്ടി നിർമ്മിച്ചുകൊടു ക്കുന്ന ഭവനസമുച്ചയത്തിന്റെ അടിസ്ഥാന ശില ആശീർവദിച്ചു.

- കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഓരോരുത്തരെ ഇന്റർവ്യൂ ചെയ്തു.

10 - താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സെഹിയോൻ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- മണ്ണാർക്കാട് മദർ കെയർ ഹോസ്പിറ്റലിലും കാഞ്ഞിരപ്പുഴ അസംപ്ക്ഷൻ ഹോസ്പിറ്റലിലും രോഗീസന്ദർശനം നടത്തി.

11 - രൂപതാകാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

12 - പാസ്റ്ററൽ സെന്ററിൽ കർഷകജാഗ്രതാസമിതി സമ്മേളനം ഉദ്ഘാടനം ചെയ്തു.

- വള്ളിയോട് സെന്റ് ജോസഫ് ആയുർവേദ ആശുപത്രിയിൽ പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ചു.

13 - ലോകസഭാ സ്ഥാനാർത്ഥികളായ ശ്രീ. എം.ബി. രാജേഷ്, ശ്രീ. എം.പി. വീരേന്ദ്രകുമാർ എന്നിവർ രൂപതാകാര്യാലയത്തിൽ പിതാവിനെ സന്ദർശിച്ചു.

- കൃഷി മന്ത്രി ശ്രീ. കെ.പി. മോഹനൻ രൂപതാകാര്യാലയം സന്ദർശിച്ചു.

- സുൽത്താൻപേട്ട് ബിഷപ്പ് റൈറ്റ് റവ. അന്തോണി സാമി പീറ്റർ അബീറിനെ അദ്ദേഹത്തിന്റെ കഞ്ചിക്കോടുള്ള വസതിയിൽ ചെന്ന് സന്ദർശിച്ചു.

14 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

15 - എറണാകുളം ലിസി ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

16 - കൊട്ടശ്ശേരി നിർമ്മല സിസ്റ്റേഴ്സിന്റെ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. കോങ്ങാട് പുതുതായി നിർമ്മിക്കാൻ പോകുന്ന ദൈവാലയത്തിന്റെ അടിസ്ഥാനശില ആശീർവദിച്ചു.

17 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

19 - വള്ളിയോട് സെന്റ് ജോസഫ് ആയുർവേദ ആശുപത്രിയിൽ പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ച് നാമഹേതുകതിരുനാൾ മംഗളങ്ങൾ നേർന്നു.

- ദീപിക തൃശ്ശൂർ യൂണിറ്റിന്റെ പുതിയ പ്രസ്സിന്റെയും ഓഫീസിന്റെയും വെഞ്ചരിപ്പിനോടും ഉദ്ഘാടനത്തോടും അനുബന്ധിച്ച്





സംഘടിപ്പിച്ച സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- തൃശ്ശൂർ അരമനയിൽ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു.

- പന്തലാംപാടം എം.എസ്.എഫ്.എസ്. സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

20 - രൂപതാകാര്യാലയത്തിൽ യുവക്ഷേത്ര ട്രസ്റ്റിന്റെ കമ്മിറ്റി മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- ആയുർപാലന ആശുപത്രിയിൽ പഞ്ചകർമ്മ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

21 - ഞാറയ്ക്കൽ ഇടവകയിൽ അമ്മിണി ഊക്കന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി

- കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ഇടവകയിൽ ബഹു. ജോർജ്ജ് തുരുത്തിപ്പള്ളിയച്ചന്റെ പിതാവിന്റെ മൃതദേഹസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

22 - പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം.ന്റെ കർമ്മപദ്ധതി പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും നടത്തി.

23 - ചേർത്തല കെ.വി.എം. ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

- ചുണങ്ങുംവേലി സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

24 - രൂപതാകാര്യാലയത്തിൽ കർഷകജാഗ്രതാസമിതി സമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

- വചനഗിരി എസ്റ്റേറ്റിൽ വർക്ക് ക്യാമ്പിൽ സംബന്ധിക്കുന്ന ബ്രദേഴ്സിനെ സന്ദർശിച്ച് സന്ദേശം നൽകി.

25 - പാസ്റ്ററൽ സെന്ററിൽ വിഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

- പൊൽപ്പുള്ളി സെന്റ് ഫ്രാൻസീസ് നോവിഷ്യേറ്റ് ഹൗസിൽ നോവീസെസ്സിന് ക്ലാസ്സെടുത്തു.

26 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

27 - പാലാരിവട്ടം പി.ഒ.സി.യിൽ CHAI KERALA യുടെ എക്സിക്യൂട്ടീവ് ബോർഡിന്റെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- അട്ടാറ ഇടവകയിൽ അഭിവന്ദ്യ തോമസ് ചക്യാത്ത് പിതാവിന്റെ സഹോദരൻ ശ്രീ. വർഗ്ഗീസിന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി.